

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ

## 1. ഇന്ത്യയിലെ പ്രാചീനമനുഷ്യൻ

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 ഇന്ത്യയിലെ പ്രാചീനമനുഷ്യൻ . . . . . . . . . . . . 1

1 ഇന്ത്യയുടെ പ്രാക്ചരിത്രം . . . . . . . 2

2 ചരിത്രവിജ്ഞാനത്തിന്റെ ഉപാധികൾ 3

3 പ്രസ്തരയുഗം . . . . . . . . . . . . . . . 4

4 ഗോത്രവർഗ്ഗക്കാർ . . . . . . . . . . . 5

5 ഗോത്രവർഗ്ഗക്കാരുടെ സാമൂഹ്യഘടന 6

6 ഉള്ളവരും ഇല്ലാത്തവരും . . . . . . . . 7

7 സിന്ധുതടസംസ്കാരം . . . . . . . . . . 8

8 കൃഷിയും കൈത്തൊഴിലും . . . . . . . 9

9 സിന്ധുതട നിവാസികളുടെ ഭരണസമ്പ്രദായം . . . . . . . . . . . 10

10 ആര്യന്മാരും അനാര്യന്മാരും . . . . . . 11

11 സംസ്കാരങ്ങളുടെ സമന്വയം . . . . . . 12

12 അസമമായ വളർച്ച . . . . . . . . . . . 13

# 1

# ഇന്ത്യയിലെ പ്രാചീനമനുഷ്യൻ

സിന്ധുനദീതട പ്രദേശങ്ങളിലെ മോഹൻജദാരോ, ഹരപ്പാ, ചന്ദുദരോ എന്നീ സ്ഥലങ്ങളിൽ ഏറെക്കുറെ അഭിവൃദ്ധി പ്രാപിച്ച കഴിഞ്ഞ അതിപുരാതനമായ ഒരു സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ കണ്ടുപിടിക്കപ്പെട്ട തോടെ ഇന്ത്യാചരിത്രത്തെക്കുറിച്ചും ഇന്ത്യൻ ജനത യെക്കുറിച്ചുമുള്ള നമ്മുടെ പഴയ ധാരണകൾക്ക് വലി യൊരിളക്കം തട്ടി. ഏതാണ്ട് ക്രി. മു. 3500 മുതൽ ക്രി. മു. 1500വരെ നിലനിന്ന ഈ പ്രാചീനനാഗരിക സംസ്കാ രത്തെപ്പറ്റിയുള്ള ഗവേഷണങ്ങൾ നടക്കുന്നതുവരെ, നമ്മെ സംബന്ധിച്ചിടത്തോളം, ആര്യന്മാരുടെ വരവോ ടുകൂടിയാണ് ഇന്ത്യാചരിത്രം ആരംഭിച്ചത്. അതിനു മുമ്പു ള്ള ചരിത്രത്തെയാകെ ഇരുളടഞ്ഞ പ്രാക്ചരിത്രകാല ഘട്ടമെന്ന വിശേഷിപ്പിച്ച തള്ളുകയായിരുന്നുപതിവ്.

ആര്യസംസ്കാരത്തിന്റെ, അല്ലെങ്കിൽ വേദസംസ്കാരത്തി ന്റെ, വിവിധ വശങ്ങളെക്കുറിച്ചുള്ള പല വർണ്ണനകളും നമുക്കു ലഭിച്ചുകഴിഞ്ഞിരുന്നു. പക്ഷേ, ആ സംസ്കാരത്തി ന്റെ ഉത്ഭവത്തെക്കുറിച്ചോ വികാസക്രമത്തെക്കുറിച്ചോ അധികമാരും ശ്രദ്ധിച്ചിരുന്നില്ല. സിന്ധുഗംഗാതീരപ്രദേ ശങ്ങളിൽ വന്നുകയറി പാർപ്പുറപ്പിച്ച ആര്യന്മാർ തങ്ങ ളോടൊപ്പം മഹത്തായ ഒരു സംസ്കാരവും കൊണ്ടുവന്നു സ്ഥാപിച്ചുവെന്നും ആ സംസ്കാരമാണ് ഭാരതീയസംസ്കാ രത്തിന്റെ അടിത്തറയെന്നും പരക്കെ വിശ്വസിക്കപ്പെ ട്ടുപോന്നു. ഇന്ത്യാചരിത്രമാകെ പുറമെ നിന്നുള്ള വ്യത്യ സ്തജനതകളുടെ ആക്രമണങ്ങളുടെയും വെട്ടിപ്പിടിത്ത ങ്ങളുടെയും കഥയല്ലാതെ മറ്റൊന്നുമല്ലെന്നും അവരുടെ സംസ്കാരമാണ് ഭാരതീയസംസ്കാരമായി രൂപാന്തരപ്പെ ട്ടത് എന്നും തെളിയിക്കാനാണ് ബ്രിട്ടീഷുകാരായ ചരി ത്രകാരന്മാർ ശ്രമിച്ചത്. ഒരുപക്ഷേ, ഇന്ത്യയുടെ നേർക്ക് തങ്ങൾ തന്നെ നടത്തിയ ആക്രമണത്തെയും വെട്ടിപ്പി ടിത്തത്തെയും ന്യായീകരിക്കാനാവാം ഇത്തരമൊരു സിദ്ധാന്തം അവരുയർത്തിപ്പിടിച്ചത്.

ഇന്ത്യയിലെ ദേശീയചരിത്രകാരന്മാരാകട്ടെ, മറിച്ച്, ബ്രി ട്ടീഷ്ചരിത്രകാരന്മാരുടെ വാദങ്ങൾക്കുള്ള മറുപടിയെ ന്നോണം, ആര്യ സംസ്കാരത്തിന്റെ മാഹാത്മ്യത്തെ പാ ടിപ്പുകഴ്ത്തുകയും അതിന്റെ പഴമയെക്കുറിച്ച് അതിശയോ ക്തിപരങ്ങളായ വാദങ്ങളുന്നയിക്കുകയും ചെയ്തു. ലൗ കിക ജീവിതത്തിന്റെ നിസ്സാരതകളിൽ നിന്നും വൈരു പ്യങ്ങളിൽ നിന്നുമെല്ലാം വിട്ടുമാറി ഇരുൾ തിങ്ങിയ കാ ട്ടുകളിലോ ഗുഹകളിലോ ഫലമൂലാദികൾ മാത്രം ഭുജിച്ചു തപസ്സു ചെയ്തു യതിവര്യന്മാരുടെ സംഭാവനയായ ആർ ഷസംസ്കാരമാണ് ഇന്ത്യയുടേതെന്ന് എന്നും മറ്റേതൊരു രാജ്യത്തിലെ ജനങ്ങൾക്കും നേടാൻ കഴിയാത്ത അത്ര മഹത്തായ ഒരാത്മീയ സംസ്കാരമാണതെന്നും ചിലർ വാദിച്ചു. ആര്യന്മാർ പുറമെ നിന്നു വന്നവരല്ലെന്നും ഭാ രതീയസംസ്കാരത്തിന് മറ്റു രാജ്യങ്ങളിലെ ജനതകളോട് യാതൊരു കടപ്പാടുമില്ലെന്നും അതിന് ഉത്ഭവവും വളർ ച്ചയുമില്ലെന്നും അനാദിയായ സംസ്കാരമാണതെന്നും മറ്റുചില പണ്ഡിതന്മാർ സ്ഥാപിക്കാൻ ശ്രമിച്ചു.

# 1 ഇന്ത്യയുടെ പ്രാക്ചരിത്രം

ആര്യന്മാർക്ക് മുമ്പ്, ഹരപ്പകാർക്കും മോഹൻജദാരോക്കാർക്കും മുമ്പ്, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി ജീവിച്ചിരുന്ന പ്രാകൃത ജനസമുദായങ്ങളുടെ ജീവിതോപാധികളുടെയും ആചാരവിശേഷങ്ങളുടെയും ചില അവശിഷ്ടങ്ങൾ കണ്ടുപിടിക്കപ്പെടാൻ തുടങ്ങിയതോടെ ഇന്ത്യൻ സംസ്കാരത്തിന്റെ ആർഷോൽപ്പത്തിയേക്കുറിച്ചും സനാതനത്വത്തെക്കുറിച്ചുമുള്ള പല അനുമാനങ്ങൾക്കും നിൽക്കക്കള്ളിയില്ലാതായി. മറ്റു രാജ്യങ്ങളുടെ സംസ്കാരങ്ങൾക്കെന്നപോല തന്നെ ഇന്ത്യയുടെ സംസ്കാരത്തിനും സ്ഥലകാലങ്ങളുമായും ജനങ്ങളുടെ ചുറ്റുപാടുകളുമായും ബന്ധമുണ്ടെന്നും ജനങ്ങളുടെ ജീവിതരീതികളിലുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് വിവിധ ഘട്ടങ്ങളെ തരണം ചെയ്തുകൊണ്ടു വളർന്നുവന്ന ഒരു സംസ്കാരമാണതെന്നും വ്യക്തമാവാൻ തുടങ്ങി. സ്യൂണർ ചൂണ്ടിക്കാണിക്കുന്നതുപോലെ ഇന്ത്യയിൽ “4500 വർഷങ്ങളോളം പഴക്കമുള്ള സിന്ധുനദീതട സംസ്കാരത്തിനു മുമ്പ്, മനുഷ്യൻ ലോഹങ്ങളുടെ ഉപയോഗത്തെപ്പറ്റിയോ കൃഷിപ്പണിയെപ്പറ്റിയോ യാതൊരു വിവരവുമില്ലാതെ പ്രകൃതിയിൽ നിന്നു കിട്ടുന്ന ഭക്ഷണസാമഗ്രികൾ തേടി അലഞ്ഞുനടന്നിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആ കാലഘട്ടം ദശലക്ഷക്കണക്കിന് വർഷങ്ങളോളം നീണ്ടുനിന്നു”. [1]

പ്രാക്ചരിത്രമെന്നു വിശേഷിപ്പിക്കപ്പെടുന്ന ആ കാലഘട്ടത്തിൽ ഇന്ത്യയിൽ ജീവിച്ചിരുന്ന ജനസമുദായങ്ങളുടെ ഉത്ഭവം, അവരുടെ ജീവിതരീതി, ആചാരസമ്പ്രദായങ്ങൾ, വിശ്വാസപ്രമാണങ്ങൾ എന്നിവയെ സംബന്ധിച്ചും മറ്റും മനസ്സിലാക്കാനെന്താണ് വഴി? ചരിത്രഗ്രന്ഥങ്ങളോ യാത്രക്കുറിപ്പുകളോ സാഹിത്യഗ്രന്ഥങ്ങളോ അതുപോലെ മറ്റെന്തെങ്കിലുമോ അന്വേഷിച്ചിട്ടു കാര്യമില്ല. അന്വേഷിച്ചാൽ തന്നെ കിട്ടുകയുമില്ല. എന്തെന്നാൽ, ആ അതിപ്രാചീന കാലത്തെ ജനങ്ങൾക്ക് എഴുതാനും വായിക്കാനും അറിഞ്ഞുകൂടായിരുന്നു. മനുഷ്യൻ എഴുതാനും വായിക്കാനും പഠിച്ചത് പിന്നീടാണ്; അനേകമനേകം നൂറ്റാണ്ടുകളിലൂടെ സാമൂഹ്യജീവിതം അഭിവൃദ്ധിപ്പെട്ടതിനുശേഷം മാത്രമാണ്. എങ്കിലും, ഇക്കാര്യത്തിൽ നമ്മൾ തീരെ നിസ്സഹായരല്ല. പുരാതനതത്വശാസ്ത്രം, നരവിജ്ഞാനീയം, മാനവവംശശാസ്ത്രം, സാമൂഹ്യശാസ്ത്രം തുടങ്ങിയ ആധുനിക ശാസ്ത്രങ്ങളുടെ സഹായത്തോടുകൂടി അതിപ്രാചീനകാലത്തെ മനുഷ്യജീവിതത്തിന്റെ ഒരേകദേശരൂപം നമുക്ക് മനസ്സിലാക്കാൻ കഴിയും. ആദിമമനുഷ്യർ മൃഗങ്ങൾക്കും പ്രകൃതിശക്തികൾക്കുമെതിരായുള്ള കടുത്ത പോരാട്ടങ്ങളിൽ പടിപടിയായി വിജയം നേടാൻ തുടങ്ങിയത് പ്രാകൃതങ്ങളായ ആയുധങ്ങളുടെയും അദ്ധ്വാനോപകരണങ്ങളുടെയും കണ്ടുപിടിത്തത്തോടുകൂടിയാണ്. മാനവരാശിയുടെ നിലനിൽപ്പിന്റെ പ്രാഥമികോപാധിയാണ് അദ്ധ്വാനം. അദ്ധ്വാനിക്കാൻ ഉപകരണം വേണം. അദ്ധ്വാനോപകരണങ്ങൾ നിർമ്മിക്കാൻ പഠിച്ചതോടുകൂടി ആദിമമനുഷ്യൻ മൃഗങ്ങളിൽ നിന്നു തികച്ചും വിഭിന്നനായിത്തീർന്നു. പ്രകൃതിക്ക് തികച്ചും കീഴടങ്ങിക്കൊണ്ടു ജീവിക്കുന്നതിന് പകരം പ്രകൃതിയെ തന്റെ സ്വന്തം ആവശ്യങ്ങൾക്കും അഭിലാഷങ്ങൾക്കുമനുസരിച്ച് മാറ്റാനുള്ള ശ്രമങ്ങളാരംഭിച്ചു. ബാല്യലോകത്തെ മാറ്റിമറിക്കാനുള്ള ശ്രമങ്ങളോടൊപ്പം മനുഷ്യൻ സ്വയം മാറ്റങ്ങൾക്കു വിധേയനാവാൻ തുടങ്ങി. അവന്റെ ആന്തരികശക്തികളുടെ വളർച്ചയ്ക്ക് ഉത്തേജനം ലഭിച്ചു. കാട്ടുമൃഗങ്ങളുമായും പ്രകൃതിശക്തികളുമായും മല്ലിടുന്നതിന് മറ്റു മനുഷ്യരുമായുള്ള ബന്ധങ്ങൾ അത്യാവശ്യമായിരുന്നു. കൂട്ടായ അദ്ധ്വാനവും കൂട്ടായ ജീവിതവും മനുഷ്യന്റെ ബോധത്തെയും ചിന്തയെയും പരസ്പരവിനിമയത്തിനുള്ള ഭാഷയെയും രൂപപ്പെടുത്തി. ഭാഷയുടെ ആവിർഭാവവും സാമൂഹ്യബന്ധങ്ങളും അവന്റെ മാനസികമായ വളർച്ചയെയും ത്വരിതപ്പെടുത്തി. പക്ഷിമൃഗാദികൾക്കില്ലാത്ത ഒരുതരം സാമൂഹ്യബോധവും സാമൂഹ്യാശയങ്ങളും ചിന്താരീതികളും അവന്റെ ജീവിതപുരോഗതിക്ക് സഹായകരങ്ങളായിത്തീർന്നു.

---

1. F. E. Zeuner: Pre-Histroy in India, P. 3.

## 2 ചരിത്രവിജ്ഞാനത്തിന്റെ ഉപാധികൾ

മനുഷ്യൻ തന്റെയും തന്റെ സമൂഹത്തിന്റെയും നിലനില്പിന്നാവശ്യമായ ഭക്ഷണസാമഗ്രികളും മറ്റു ജീവിതോപകരണങ്ങളും ഉൽപ്പാദിപ്പിക്കുന്ന രീതിയാണ് സാമൂഹ്യപരിണാമക്രമത്തിലെ വ്യത്യസ്തഘട്ടങ്ങളെ തരംതിരിച്ച് മനസ്സിലാക്കാനുള്ള ഒരു നല്ല മാനദണ്ഡം. പ്രാചീന സമുദായങ്ങളിലെ ഉൽപ്പാദനരീതിയെക്കുറിച്ചും ഉൽപ്പാദനോപകരണങ്ങളെക്കുറിച്ചും പഠിക്കാൻ കഴിഞ്ഞാൽ പ്രാചീനമനുഷ്യരുടെ ജീവിതരീതിയെക്കുറിച്ചും അവരുടെ സാമൂഹ്യബന്ധങ്ങളുടെ സവിശേഷതകളെക്കുറിച്ചും കുറെയൊക്കെ മനസ്സിലാക്കാൻ സാധിക്കും. മാർക്സ് പറയുകയുണ്ടായി:

> “ഇന്നു നിലവിലില്ലാത്ത പുരാതനമൃഗങ്ങളുടെ അസ്ഥിപഞ്ജരങ്ങൾ കണ്ടെടുത്തു പരിശോധിച്ചാൽ ആ മൃഗങ്ങൾ ഏതു തരത്തിൽ പെട്ടവയാണെന്നു മനസ്സിലാക്കാൻ കഴിയും. അതുപോലെതന്നെ, മൺമറഞ്ഞുപോയ അദ്ധ്വാനോപകരണങ്ങളുടെ അവശിഷ്ടങ്ങൾ പ്രാചീനസമുദായങ്ങളുടെ സാമ്പത്തിക രൂപങ്ങളെപ്പറ്റിയുള്ള ഗവേഷണങ്ങളിൽ മുഖ്യമായ ഒരു പങ്കു വഹിക്കുന്നു. പ്രാചീനമനുഷ്യർ എന്തെല്ലാം സാമഗ്രികളുണ്ടാക്കി എന്നതല്ല, അവയെ എങ്ങനെയുണ്ടാക്കി, ഏതു തരം ഉൽപ്പാദനോപകരണങ്ങളുപയോഗിച്ചുണ്ടാക്കി എന്നതാണ് വ്യത്യസ്ത സാമ്പത്തികഘട്ടങ്ങളെ വേർതിരിച്ചറിയാൻ നമ്മെ സഹായിക്കുന്നത്. ഉൽപ്പാദനോപകരണങ്ങൾ മനുഷ്യാദ്ധ്വാനത്തിന്റെ വികാസനിലവാരം നിർണ്ണയിക്കാനുള്ള ഒരു മാനദണ്ഡം മാത്രമല്ല; അദ്ധ്വാനത്തിന്റെ സാമൂഹ്യ സാഹചര്യങ്ങളുടെ സൂചനകൾ കൂടിയാണ്”. [2]

പുരാതത്വഗവേഷകന്മാരുടെയും നരവംശ ശാസ്ത്രജ്ഞന്മാരുടെയും നീണ്ടുനിന്ന പരിശ്രമങ്ങളുടെ ഫലമായി ഇന്ത്യയുടെ പ്രാചീന സംസ്കാരത്തെപ്പറ്റിയും പ്രാകൃത രൂപങ്ങളിൽ നിന്നുള്ള അതിന്റെ വളർച്ചയെപ്പറ്റിയും ഏറെക്കുറെ വിശ്വസനീയങ്ങളായ പല വിവരങ്ങളും നമുക്കു ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. കിട്ടിയ വിവരങ്ങൾ തന്നെ വേണ്ടവിധം ചിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടില്ലെന്നുള്ളതു ശരിയാണ്. ആ വിവരങ്ങളിൽ നിന്നുള്ള അനുമാനങ്ങളിൽ ചിലത് അവ്യക്തങ്ങളും പരസ്പര വിരുദ്ധങ്ങളുമാണ് എന്ന കാര്യവും ശരിയാണ്. എങ്കിലും, ശാസ്ത്രീയമായ ഈ വിജ്ഞാനമാർഗ്ഗത്തിന്റെ സഹായത്തോടുകൂടിത്തന്നെ ഗവേഷണങ്ങളിലെ ന്യൂനതകൾ പരിഹരിക്കാനും കൂടുതൽ ശരിയായ അനുമാനങ്ങളിലെത്തിച്ചേരാനും നമുക്കു സാധിക്കുമെന്നായിട്ടുണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലാണ് ഇന്ത്യയിലാദ്യമായി പുരാതത്വ ഗവേഷണങ്ങളാരംഭിച്ചത്. 1863-ൽ മദ്രാസ് സ്റ്റേറ്റിലെ പല്ലാവരത്തു നടത്തിയ ഗവേഷണങ്ങളുടെ ഫലമായി പുരാപ്രസ്തരോപകരണങ്ങളുടെ ചില അവശിഷ്ടങ്ങൾ കണ്ടുകിട്ടി. ഏറെക്കഴിയുന്നതിനു മുമ്പ് ബെല്ലാരിക്കടുത്തു നിന്ന് നവപ്രസ്തരയുഗത്തിന്റെ ചില തെളിവുകളും കുഴിച്ചെടുക്കപ്പെട്ടു. തുടർന്ന് രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമായി ഒട്ടനവധി ഭൂഗർഭപരിശോധനകൾ നടന്നു. പ്രാക്ചരിത്രകാലത്ത് ഇന്ത്യയിൽ കൊടികുത്തിവാണ പുരാപ്രസ്തര സംസ്കാരത്തിന്റെയും നവപ്രസ്തരസംസ്കാരത്തിന്റെയും ഒട്ടനവധി തെളിവുകൾ പുറത്തെടുക്കപ്പെട്ടു. ഈ ഗവേഷണങ്ങളെല്ലാം ഒരു കാര്യം സംശയത്തിനിടയില്ലാത്തവിധം വ്യക്തമാക്കി: ആര്യന്മാരുടെ ആഗമനത്തിന് അനേകായിരം കൊല്ലങ്ങൾക്ക് മുമ്പുതന്നെ ഇന്ത്യയിൽ പുരാപ്രസ്തര യുഗത്തിലെയും നവപ്രസ്തരയുഗത്തിലെയും പ്രാകൃതരും അപരിഷ്കൃതരുമായ ജനസമൂഹങ്ങളുണ്ടായിരുന്നു.

പുരാതത്വഗവേഷണങ്ങളോടൊപ്പം നമ്മുടെ നാട്ടിലെ നാമാവശേഷമായിക്കഴിഞ്ഞിട്ടില്ലാത്ത പ്രാചീന ഗോത്രവർഗ്ഗക്കാരുടെയും ജാതികളുടെയും സാമൂഹ്യസാമ്പത്തിക ഘടനകൾ, കുടുംബ ബന്ധങ്ങൾ, ആചാരങ്ങൾ, മതവിശ്വാസങ്ങൾ മുതലായവയെപ്പറ്റിയുള്ള നരവംശ ശാസ്ത്രപരമായ ഗവേഷണങ്ങളും ആരംഭിച്ചു. ഇതു കൂടുതൽ ദുഷ്കരമായിരുന്നു. ആധുനിക നരവിജ്ഞാനീയത്തിന്റെ കൈത്തിരിയുമായി മൺമറഞ്ഞ ഭൂതകാലത്തിന്റെ ഇരുളടഞ്ഞ അടിത്തട്ടുകൾ പരിശോധിക്കുക എളുപ്പമല്ല. ഒന്നാമത്, ആധുനിക സാമ്പത്തിക ക്രമങ്ങളുടെയും അതോടൊപ്പം ആധുനിക സംസ്കാരത്തിന്റെയും കടന്നാക്രമണങ്ങൾ നിലവിലുള്ള പ്രാചീന ഗോത്രവർഗ്ഗക്കാരുടെ ജീവിതരീതിക്ക് ഇളക്കം തട്ടിച്ച് കഴിഞ്ഞിരുന്നു. രണ്ടാമത്, നരവംശശാസ്ത്രജ്ഞന്മാരിൽ പലരും, പ്രത്യേകിച്ചും യൂറോപ്യൻ ശാസ്ത്രജ്ഞന്മാർ, തങ്ങളുടെ സ്വന്തം സംസ്കാരത്തിന്റെ മേന്മയെക്കുറിച്ചുള്ള അഭിമാനത്തെയും സ്വന്തം മുൻവിധികളെയും മുറുകെ പിടിച്ചുകൊണ്ടാണ് പ്രാചീന ഗോത്രവർഗ്ഗക്കാരുടെ ജീവിതരീതികളെ നോക്കിപ്പഠിക്കാൻ മുതിർന്നത്. എന്നിരിക്കിലും, പൊതുവിൽ പറഞ്ഞാൽ, അവരുടെ ഗവേഷണങ്ങളുടെ ഫലമായി നമ്മുടെ പ്രാക്ചരിത്രകാലത്തിലെ കിരാതഘട്ടത്തിലും അപരിഷ്കൃതഘട്ടത്തിലും കഴിച്ചുകൂട്ടിയ പ്രസ്തരയുഗപൂർവികന്മാരുടെ ജീവിതരീതികളെക്കുറിച്ചും വിശ്വാസപ്രമാണങ്ങളെക്കുറിച്ചും കുറെയെല്ലാം മനസ്സിലാക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്.

ഋഗ്വേദം, സംഘം കൃതികൾ, മഹാഭാരതം മുതലായ പ്രാചീന സാഹിത്യ കൃതികളെക്കുറിച്ചുള്ള സാമൂഹ്യശാസ്ത്രപരമായ പഠനങ്ങളും യവനന്മാർ, റോമക്കാർ, ബാബിലോണിയക്കാർ മുതലായവരുമായി ഇന്ത്യയിലെ പ്രാചീനജന സമുദായങ്ങൾക്കുണ്ടായിരുന്ന വ്യാപാര ബന്ധങ്ങളെപ്പറ്റിയും മറ്റും വിദേശീയരായ ഗ്രന്ഥകാരന്മാർ എഴുതിവെച്ച യാത്രാവിവരണങ്ങളും നമ്മുടെ പുരാതത്വവിജ്ഞാനികളുടെയും നരവംശശാസ്ത്രജ്ഞന്മാരുടെയും സംഭാവനകൾക്കു മാറ്റു കൂട്ടുന്നവയാണ്. ആര്യന്മാർക്കു മുമ്പും ആര്യന്മാരുടെ കാലത്തും ജീവിച്ചിരുന്ന അനാര്യന്മാരുടെ സാമൂഹ്യജീവിതത്തെക്കുറിച്ചുള്ള പല അനുമാനങ്ങളും ഈ പ്രാചീന സാഹിത്യകൃതികളിൽ കാണാം.

ഇങ്ങനെ പല തരത്തിലുള്ള മാർഗ്ഗവിജ്ഞാനങ്ങളുടെ കൂട്ടായ സഹായത്തോടുകൂടിയല്ലാതെ ഇന്ത്യയുടെ ഇരുളടഞ്ഞുകിടക്കുന്ന പ്രാക്ചരിത്രകാലത്തിലേക്ക് എത്തിനോക്കാൻ കഴിയില്ല.

---

2. Karl Marx: Capital, Vol 1.

## 3 പ്രസ്തരയുഗം

ഇന്ത്യയിലെ ഏറ്റവും പ്രാകൃതരായ പ്രാചീനമനുഷ്യർ എങ്ങനെയാണ് ജീവിതം നയിച്ചിരുന്നത്? അവരുടെ വിശ്വാസങ്ങളുടെയും ചിന്തകളുടെയും പ്രാരംഭ രൂപങ്ങളുടെ സ്വഭാവമെന്തായിരുന്നു? സംസ്കാരത്തിന്റെയും തത്വചിന്തകളുടെയും ആദ്യത്തെ പടികളിലേക്ക് അവർ കയറിപ്പോയതെങ്ങനെയാണ്? ഇത്തരം ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം കണ്ടുപിടിക്കുക എളുപ്പമല്ല. കാട്ടുജന്തുക്കളെയും പ്രകൃതികോപങ്ങളെയും നേരിട്ടുകൊണ്ടുള്ള അവരുടെ ജീവിതം വളരെയേറെ ദുഷ്കരമായിരുന്നുവെന്ന് കരുതുന്നതിൽ തെറ്റില്ല. എങ്കിലും എല്ലാ വിഷമങ്ങളെയും അവർ നേരിടുകതന്നെ ചെയ്തു. തിന്നാൽ പറ്റിയ വന്യഫലങ്ങളും കിഴങ്ങുകളും ശേഖരിക്കാനും പക്ഷികളെ അമ്പെയ്തു കൊല്ലാനും കാട്ടുമൃഗങ്ങളെ വേട്ടയാടാനും അവർക്ക് കഴിവുണ്ടായിരുന്നു. അതിനുള്ള തെളിവാണ് അവർ വിട്ടുംവെച്ചുപോയ അപരിഷ്കൃതായുധങ്ങൾ. വേട്ടയാടുന്നതിനും മത്സ്യം പിടിക്കുന്നതിനും ഉപയോഗിച്ചിരുന്ന പ്രാകൃതങ്ങളായ ആയുധങ്ങൾ, കല്ലുകൊണ്ടുള്ള ഉളികളും മറ്റു പണിയായുധങ്ങളും, മരം കൊണ്ടുള്ള കൈത്തറിയന്ത്രങ്ങളുടെ അവശിഷ്ടങ്ങൾ, പലതരം മൺപാത്രങ്ങൾ — ഇവയെല്ലാം പ്രസ്തരയുഗത്തിലെ പ്രാകൃതമനുഷ്യരുടെ ജീവിതരീതിയുടെ നേർക്ക് വെളിച്ചം വീശുന്നവയാണ്.

പ്രസ്തരയുഗമനുഷ്യർ മെല്ലെ മെല്ലെ തങ്ങളുടെ പണിയായുധങ്ങൾ പരിഷ്കരിച്ചു. പുരാപ്രസ്തരയുഗം നവപ്രസ്തരയുഗത്തിനു വഴിമാറിക്കൊടുത്തു. പ്രാകൃതോപകരണങ്ങൾക്ക് മൂർച്ച കൂടി. ഭംഗിയും കൂടി. മൺപാത്രങ്ങളുടെ പുറത്തുകാണുന്ന ചിത്രങ്ങൾ നവപ്രസ്തരയുഗക്കാരുടെ കലാബോധത്തിന്റെ തെളിവുകളാണ്. അപരിഷ്കൃതായുധങ്ങളുടെ സ്ഥാനത്ത് ചെത്തിമിനുക്കിയ ചുറ്റിക, മഴു, ഉളി തുടങ്ങിയ പുതിയതരം ആയുധങ്ങൾ പ്രത്യക്ഷപ്പെട്ടു. ബെല്ലാരിക്കടുത്തുള്ള സംഗനകല്ലുകുന്നിൽ നിന്ന് ഡോക്ടർ സുബ്ബറാവു കുഴിച്ചെടുത്ത കോടാലികൾ കണ്ടാൽ നവപ്രസ്തരയുഗത്തിലെ ജനങ്ങളുടെ കലാവിരുതു മനസ്സിലാക്കാം. തേച്ചുമിനുക്കിയ കോടാലികൾക്കു മുമ്പുപയോഗിക്കപ്പെട്ടിരുന്ന പരുപരുത്ത പ്രസ്തരോപകരണങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്. ചെറിയ ചെറിയ ശില്പോപകരണങ്ങളും കല്ലിൻകഷണങ്ങളും "പശയോ കീലോ ഉപയോഗിച്ച് കൂട്ടിയൊട്ടിക്കുകയും അവയ്ക്ക് താങ്ങോ പിടിയോ ഒട്ടിച്ചു പിടിപ്പിക്കുകയും" [3] ചെയ്തിരുന്നുവത്രേ. വടക്കൻ ഗുജറാത്ത്, ഹൈദരാബാദ്, ഡെക്കാൻ, ഔറംഗാബാദ് തുടങ്ങിയ സ്ഥലങ്ങളിൽ കല്ലുകൊണ്ടുള്ള ഇത്തരം ഉപകരണങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ഉരച്ചുമിനുക്കി ശരിപ്പെടുത്തിയ നവപ്രസ്തരോപകരണങ്ങൾ ഇന്ത്യയിലെ പല ഭാഗങ്ങളിൽ നിന്നും കുഴിച്ചെടുക്കപ്പെട്ടിട്ടുണ്ട്. "പുരാപ്രസ്തരയുഗത്തിലുപയോഗിക്കപ്പെട്ടിരുന്ന വെൺകല്പാറകൾക്കു പകരം ഇവയധികവും അടുക്കുപാറ കൊണ്ടുള്ളവയാണെന്നതാണ് ഒരു സവിശേഷത" [4] എന്ന് കൃഷ്ണസ്വാമി പറയുന്നു. പുരാപ്രസ്തരോപകരണങ്ങളെ അപേക്ഷിച്ച് ഇവ കൂടുതലുയർന്ന സാങ്കേതികോപയോഗങ്ങൾക്കു പറ്റിയവയാണ്. കോടാലികൾ, കല്ലുളികൾ, കല്ലു കൊണ്ടുള്ള ഇറച്ചിക്കത്തികൾ, ചുറ്റികക്കല്ലുകൾ, മിനുക്കുപണിക്കുള്ള ഉപകരണങ്ങൾ മുതലായവയെല്ലാം ഇവയിലുൾപ്പെടുന്നു.

ഉരയ്ക്കൽ, മിനുസപ്പെടുത്തൽ തുടങ്ങിയ പണികൾ പഠിച്ചു കഴിഞ്ഞ പ്രാചീന മനുഷ്യർ കൂടുതൽ പ്രയോജനകരങ്ങളും കനം കുറഞ്ഞവയുമായ പ്രസ്തരോപകരണങ്ങളും ആയുധങ്ങളും ഉപയോഗിക്കാൻ തുടങ്ങി. കളിമണ്ണു കൊണ്ടും മരം കൊണ്ടുമുള്ള പലതരം തളികകളും മറ്റു വീട്ടുസാമഗ്രികളുമുണ്ടാക്കി. തീ കണ്ടുപിടിച്ചുപയോഗിക്കാൻ തുടങ്ങിയതോടെ ജീവിതരീതി കുറെക്കൂടി ലഘൂകരിക്കപ്പെട്ടു. തീയുണ്ടാക്കാൻ തീപ്പെട്ടി വേണ്ട. മുളകളോ മരക്കഷണങ്ങളോ കല്ലിൻകഷണങ്ങളോ ഉരച്ചു തീയുണ്ടാക്കുകയായിരുന്നു പതിവ്. ഇന്നും ചക്കിക്കല്ലുപയോഗിച്ചു തീയുണ്ടാക്കുന്ന വിദ്യ കാട്ടുജാതിക്കാരുടെ കുട്ടികൾക്കു പോലുമറിയാം. തീയുടെ ഉപയോഗം പ്രാകൃതമനുഷ്യന്റെ ജീവിതത്തിൽ പല മാറ്റങ്ങളുമുണ്ടാക്കി. മാംസവും മറ്റും വേവിച്ചു തിന്നാൻ മാത്രമല്ല, ചൂളയ്ക്കു വെച്ചു ചുട്ട മൺപാത്രങ്ങൾ, ഇഷ്ടികകൾ മുതലായവയുണ്ടാക്കാനും സാധിക്കുമെന്നായി. ഇന്ത്യയിൽ ചൂളയ്ക്ക് വെച്ചു ചുട്ട മൺപാത്രങ്ങൾ ആവിർഭവിച്ചത് അയ്യായിരം കൊല്ലങ്ങൾക്കു മുമ്പാവാനിടയില്ലെന്ന് വീലർ അഭിപ്രായപ്പെടുന്നു. [5] അതിനും വളരെ മുമ്പാണെന്ന് മറ്റു ചില ഗവേഷകന്മാരും പറയുന്നു.

നായാട്ടിനും ആത്മരക്ഷയ്ക്കും വേണ്ടി വില്ലും അമ്പും ഉപയോഗിക്കാൻ പഠിച്ചതോടുകൂടി പ്രാചീന ജീവിതത്തിൽ വിപ്ലവകരമായ ചില പുതിയ സാദ്ധ്യതകളുളവായി. വില്ലിന്റെ ഉത്ഭവത്തെപ്പറ്റി ശ്രീനിവാസയ്യങ്കാർ പറയുന്നതിങ്ങനെയാണ്:

> "തെക്കേ ഇന്ത്യയിലെ കുറിഞ്ചി പ്രദേശങ്ങളിൽ (അതായത്, പർവ്വതപ്രദേശങ്ങളിൽ) മുളകൾ ധാരാളമായി വളരുന്നു. ആ പ്രദേശങ്ങളിൽ ജീവിച്ചിരുന്ന കുറവർ തുടങ്ങിയ ആദിമനിവാസികൾ മുളക്കഷണങ്ങളെ എളുപ്പത്തിൽ വളയ്ക്കാൻ കഴിയുമെന്ന് ബുദ്ധിപൂർവ്വം കണ്ടുപിടിച്ചു. അവർ അവയെ വളച്ചുപിടിച്ച് രണ്ടു തലയ്ക്കലും ഉണങ്ങിയ നീണ്ട വള്ളിയുടെ അറ്റങ്ങൾ കെട്ടി പിടിപ്പിക്കുകയും അതിന്മേൽ നീണ്ട മുള്ളുകൾവെച്ച് എയ്യുകയും ചെയ്തു. ഇതാണ് വില്ലിന്റെ ഉത്ഭവം". [6]

ഉത്ഭവമെന്തായാലും, വടക്കെ ഇന്ത്യയിലെ കാട്ടുജാതിക്കാർക്കിടയിൽ പ്രചാരമുള്ള വില്ലുകൾ മറ്റു തരത്തിലുണ്ടാക്കപ്പെട്ടവയാണ്. ചിലർ എല്ലിൻകഷണങ്ങൾ കൊണ്ടുണ്ടാക്കപ്പെട്ട അമ്പുകളാണുപയോഗിക്കുന്നത്. അവയുടെ മുനയ്ക്ക് കട്ടപ്പവും മൂർച്ചയും കൂടും.

അമ്പും വില്ലും ഉപയോഗിക്കാൻ പഠിച്ചതോടുകൂടി നമ്മുടെ പൂർവികന്മാരായ പുരാതനമനുഷ്യർക്ക് കൂടുതൽ ഫലപ്രദമായ രീതിയിൽ നായാട്ടു നടത്താൻ മാത്രമല്ല, മൃഗങ്ങളെ ജീവനോടെ വേട്ടയാടിപ്പിടിച്ച് പോറ്റിവളർത്താനും സാധിക്കുമെന്നായി. മാത്രമല്ല, അവർ കന്നുകാലികളെ പോറ്റിവളർത്താൻ പറ്റിയ മേച്ചിൽസ്ഥലങ്ങളന്വേഷിച്ച് പർവതങ്ങളിലെ കാട്ടുപ്രദേശങ്ങളിൽ നിന്ന് സമതലപ്രദേശങ്ങളിലേക്കിറങ്ങി വരാനും ഫലപുഷ്ടിയുള്ള നദീതീരങ്ങളിൽ സ്ഥിരവാസമുറപ്പിച്ച് ധാന്യങ്ങളും ഫലമൂലാദികളും മറ്റും കൃഷി ചെയ്യാനും തുടങ്ങി. ഇതെല്ലാം നവപ്രസ്തരയുഗത്തിന്റെ നേട്ടങ്ങളാണ്.

കൃഷി ചെയ്യാൻ തുടങ്ങി എന്നതിന് നായാട്ടുപേക്ഷിച്ചു എന്നർത്ഥമില്ല. സ്ത്രീകളും കുട്ടികളും കൃഷിയിലേർപ്പെടും. പുരുഷന്മാർ കൂട്ടം കൂട്ടമായി കാട്ടിൽ പോയി മൃഗങ്ങളെ വേട്ടയാടിപ്പിടിച്ചു കൊണ്ടുവരും. ധാരാളം മൃഗങ്ങളെ കിട്ടിയ ദിവസമാണെങ്കിൽ വയറു നിറയെ മാംസം ചുട്ടുതിന്ന് സ്ത്രീകളും പുരുഷന്മാരും കുട്ടികളും എല്ലാം കൂട്ടുചേർന്ന് പാട്ടു പാടുകയും ആഹ്ലാദത്തിമിർപ്പോടെ നൃത്തം വെയ്ക്കുകയും ചെയ്യും.

ശാസ്ത്രജ്ഞന്മാരുടെ പഠനസൗകര്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തരയുഗത്തെ പുരാപ്രസ്തരയുഗമെന്നും നവപ്രസ്തരയുഗമെന്നും വിഭജിച്ചിട്ടുള്ളത്. ചിലർ ഒരിടക്കാലയുഗത്തെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഈ യുഗങ്ങളെ കൃത്യമായി വേർതിരിക്കുന്ന അതിർത്തിരേഖകളൊന്നുമില്ല. അമ്പും വില്ലും ഉപയോഗിക്കുന്നവരെല്ലാം കാട്ടിന് പുറത്തുപോയി കൃഷിപ്പണിയിലേർപ്പെടുകയുണ്ടായില്ല. നവപ്രസ്തരയുഗമാവിർഭവിച്ചതിനു ശേഷവും പുരാപ്രസ്തരയുഗത്തിലെ ആയുധങ്ങളും ഉപകരണങ്ങളും ഉപേക്ഷിക്കുകയുണ്ടായില്ല. നവപ്രസ്തരയുഗത്തിലെ ചൂളയ്ക്കു വെച്ചുണ്ടാക്കിയ മൺപാത്രങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ വാർധക്യദശയിൽ ജീവിക്കുന്ന നമ്മൾ പോലും ഉപയോഗിക്കുന്നുണ്ടല്ലോ.

---

3. Zeuner: Pre-History in India, P. 38.
4. V. D. Krishnaswamy: Stone Age in India.
5. Sir. Mortimar Wheeler: Early India and Pakistan, P. 72.
6. P. T. Sreenivasa Iyengar: History of the Tamils.

# 4 ഗോത്രവർഗ്ഗക്കാർ

പ്രസ്തരയുഗത്തിന്റെ പിടിയിൽ നിന്ന് പൂർണ്ണമായി മോചനം നേടാൻ കഴിയാതെ കാടുകളിൽ ഭക്ഷണത്തിനാവശ്യമായ ഫലമൂലാദികൾ സംഭരിക്കാൻ വേണ്ടി അലഞ്ഞുതിരിയുകയും വേട്ടയാടാൻ പറ്റിയ പക്ഷിമൃഗാദികളെ തേടി നടക്കുകയും ചെയ്യുന്ന കിരാതരും അപരിഷ്കൃതരുമായ ചില ഗോത്രവർഗ്ഗക്കാർ ഇന്ത്യയിൽ അങ്ങിങ്ങായി ഇന്നും ജീവിച്ചിരിപ്പുണ്ട്. പ്രാകൃതങ്ങളോ തേച്ചുമിനുക്കപ്പെട്ടവയോ ആയ പ്രസ്തരോപകരണങ്ങളും അമ്പും വില്ലുമാണവരുപയോഗിക്കുന്നത്. കൊച്ചിയിലെ കാടർ ഈ അതിപുരാതനയുഗത്തിന്റെ അവശിഷ്ടങ്ങളാണെന്ന് എഹരൻഫെൽസ് കരുതുന്നു. “പഴയകാലത്ത് വന്യവിഭവങ്ങൾ സംഭരിച്ചുകൊണ്ടും മൃഗങ്ങളെ വേട്ടയാടിക്കൊണ്ടുമാണ് കാടർ തങ്ങളുടെ ജീവിതാവശ്യങ്ങൾ നിർവഹിച്ചുപോന്നത്” എന്നദ്ദേഹം ഉറപ്പിച്ചു പറയുന്നു. “ഇപ്പോഴും അവരുടെ മുഖ്യമായ ജീവിതമാർഗ്ഗം ഇതുതന്നെയാണ്. കാടരിൽ ഭൂരിഭാഗം ഇപ്പോഴും വന്യവിഭവങ്ങൾ സംഭരിച്ചുകൊണ്ടാണ് ഉപജീവനം കഴിയുന്നത്. പക്ഷേ, ഇപ്പോൾ കിട്ടുന്നതു മുഴുവനും തങ്ങളുടെ സ്വന്തം ഉപയോഗത്തിനുവേണ്ടി സൂക്ഷിച്ചുവെക്കുക പതിവില്ല. അവയിലൊരു ഭാഗമെങ്കിലും അരി, മുളക്, കറപ്പ്, ചാരായം, തുണി, ഉടുപ്പ് മുതലായവയ്ക്കു വേണ്ടി കണ്ട്രാക്റ്ററുടെ പീടികയിൽ കൈമാറ്റം ചെയ്യുകയാണ് പതിവ്”. [7]

കേരളത്തിലെ പറമ്പിക്കുളത്തും പരിസരങ്ങളിലുമുള്ള ഗോത്രവർഗ്ഗക്കാർക്ക് കൃഷി ചെയ്യാനറിഞ്ഞുകൂടെന്നും വന്യമൃഗങ്ങളെ വേട്ടയാടിയും ഫലമൂലങ്ങൾ സംഭരിച്ചും കഴിച്ചുകൂട്ടിയ പ്രാകൃതാവസ്ഥയിൽ നിന്ന് നേരിട്ടാണ് അവർ കാട്ടിലെ കൂലിവേലക്കാരാക്കി മാറ്റപ്പെട്ടത് എന്നും ഡോക്ടർ അയ്യപ്പൻ പറയുന്നു. അദ്ദേഹം എഴുതുന്നു:

> “എനിക്കറിയാവുന്ന ഇന്ത്യയിലെ പ്രാകൃതജനവിഭാഗങ്ങളിൽ ഏറ്റവും കുറഞ്ഞ പുരോഗതിയുള്ളവർ അരനാടന്മാരാണെന്നു തോന്നുന്നു. സിലോണിലെ വേദ്ദന്മാരെപ്പോലെ അവരും കഴിഞ്ഞ നൂറ്റാണ്ടിലോ അതിനു തൊട്ടുമുമ്പോ മാത്രമാണ് തങ്ങളുടെ പഴയ പാറക്കൽ ഗുഹകളുപേക്ഷിച്ച് വീടുകളിൽ പാർക്കാൻ തുടങ്ങിയത്. ഭക്ഷ്യോൽപ്പാദനത്തിന്റെ പ്രാഥമികപാഠങ്ങൾ പോലും അവർക്കറിഞ്ഞുകൂടാ. അവർ ഭക്ഷണത്തിന് പ്രധാനമായും കാടുകളെയാണ് ആശ്രയിക്കുന്നത്. ഭാഗ്യത്തിന്, ഈ പ്രദേശത്തിലെ കാടുകളിൽ ഭക്ഷിക്കാൻ പറ്റിയ കായ്കനികളും ചെറുമൃഗങ്ങളും ധാരാളമുണ്ട്. സ്ത്രീകളും പുരുഷന്മാരും പകൽ മുഴുവനും കാടുകളിൽ ചുറ്റിത്തിരിഞ്ഞ് ഫലമൂലാദികൾ ശേഖരിക്കുകയും വേട്ടമൃഗങ്ങളെ കെണിവെച്ചു പിടിക്കുകയും ചെയ്യുന്നു. കിട്ടുന്നതിന്റെ ഒരു ഭാഗം അവിടെവെച്ചു തന്നെ പാകം ചെയ്തു ഭക്ഷിക്കുന്നു. ബാക്കിയുള്ളത് സമതലപ്രദേശങ്ങളിലെ കൃഷിക്കാരുടെയും കച്ചവടക്കാരുടെയും കീഴിൽ പണിയെടുക്കാൻ പോകുന്ന മറ്റുള്ളവർക്കു വേണ്ടി വീടുകളിലേക്കു കൊണ്ടുപോകുന്നു”. [8]

1968-ൽ ആൻഡമാൻ ദ്വീപുകൾ സന്ദർശിച്ചപ്പോൾ ഓംഗികൾ എന്ന പേരിലറിയപ്പെടുന്ന പ്രാകൃതഗോത്രവർഗ്ഗക്കാരുടെ ജീവിതരീതി നോക്കിക്കാണാൻ ഈ ലേഖകന് ഒരവസരം ലഭിക്കുകയുണ്ടായി. അരക്കെട്ടിൽ മുൻഭാഗത്ത് ഏതാനും ഇലകൾ ചരടിൽ തുന്നിപ്പിടിപ്പിച്ചു കോർത്തു തൂക്കിയിട്ടുണ്ടെന്നതൊഴിച്ചാൽ ആണുങ്ങളും പെണ്ണുങ്ങളുമെല്ലാം പരിപൂർണ്ണനഗ്നരാണ്. കൂട്ടംകൂട്ടമായി കാട്ടിൽ ഭക്ഷണം തേടി അലഞ്ഞുതിരിയുകയാണ് അവരുടെ മുഖ്യമായ ജോലി. കൂടെ വളർത്തു നായ്ക്കളുമുണ്ട്. ഇടയ്ക്കിടയ്ക്ക് കടൽക്കരയിൽ വന്നു താവളമുറപ്പിച്ച് മീൻപിടുത്തത്തിലേർപ്പെടും. അമ്പെയ്തു മീൻപിടിക്കാൻ മിടുക്കന്മാരാണവർ. ഏഴെട്ടു വയസ്സ് മാത്രം പ്രായമുള്ള ഒരു ബാലൻ പാലത്തിന്മേൽ കയറിനിന്ന് പുഴയിലേക്ക് അമ്പുകളെയ്യുന്നത് ഞാൻ നോക്കിനിന്നു. എട്ടോ പത്തോ അമ്പുകളെയ്തു കഴിഞ്ഞപ്പോൾ പെട്ടെന്നു പുഴയിലേക്കൊരു ചാട്ടം. അധികം കഴിഞ്ഞില്ല, എട്ടുപത്ത് വലിയ മത്സ്യങ്ങളുമായി നീന്തി കരയ്ക്കണഞ്ഞു.

മുപ്പതോളം ഓംഗികൾ — ആണുങ്ങളും പെണ്ണുങ്ങളും ഒരു കുടിലിൽ ഒന്നിച്ചു താമസിക്കുന്നത് ഞാൻ കണ്ടു. കൂടെ വിട്ടുപിരിയാത്ത നാലോ അഞ്ചോ നായ്ക്കളുമുണ്ട്. സൗഹാർദം നിറഞ്ഞ അന്തരീക്ഷം. മീൻ പാകം ചെയ്യുന്നതിനിടയിൽ വർത്തമാനം പറയുകയും ഇടയ്ക്കിടയ്ക്ക് ചിരിക്കുകയും ചെയ്യുന്നുണ്ട്. അവരുടെ ചിരിക്ക് ഓമനത്തമുണ്ട്. എന്തു വർത്തമാനമാണവർ പറയുന്നത്? അവർക്ക് എഴുതാനും വായിക്കാനുമറിഞ്ഞുകൂടാ. ഡെൽഹിയെപ്പറ്റിയോ പാർലമെന്റിനെപ്പറ്റിയോ അവർ കേട്ടിട്ടില്ല. ഇന്ത്യയിലും ലോകത്തിലും നടന്നുകൊണ്ടിരിക്കുന്ന വലിയ വലിയ മാറ്റങ്ങളൊന്നും അവരുടെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അതിലൊന്നും അവർക്കു താല്പര്യവുമില്ല. എങ്കിലും ഇന്ത്യയിലെ വോട്ടവകാശമുള്ള പൗരന്മാരാണവർ.

ഒരു കാര്യം ഞാൻ മനസ്സിലാക്കി: ഓംഗികൾക്ക് ഏറ്റവുമധികം ഇഷ്ടമുള്ള രണ്ടു വസ്തുക്കൾ ബീഡിയും ചായപ്പൊടിയുമാണ്. ഒരു ബീഡിയോ ഒരൗൺസ് ചായപ്പൊടിയോ കൊടുത്താൽ അവർ എത്ര തേൻ വേണമെങ്കിലും കൊണ്ടുവന്നുതരും. അല്ലെങ്കിൽ ആവശ്യമുള്ള മറ്റു വന്യവിഭവങ്ങൾ. ഇതു മനസ്സിലാക്കി അവരെ ചൂഷണം ചെയ്യാൻ പുറമെ നിന്നുവന്ന ചില സമർത്ഥന്മാരായ കച്ചവടക്കാർ പതിയിരിക്കുന്നുമുണ്ട്. അങ്ങനെ ആധുനികസംസ്കാരം അവരെയും പിടികൂടിത്തുടങ്ങിയിരിക്കുന്നു.

ഇതുപോലെ ആസ്സാം, ഒറീസ്സ, ബീഹാർ, മഹാരാഷ്ട്ര, ആന്ധ്ര തുടങ്ങിയ മിക്ക സ്റ്റേറ്റുകളിലും പുരാപ്രസ്തരയുഗത്തിലെയും നവപ്രസ്തരയുഗത്തിലെയും വിവിധ ഘട്ടങ്ങളിലുള്ള ഗിരിവർഗ്ഗക്കാരുണ്ട്. പക്ഷേ, അവരുടെ ജീവിതരീതി നോക്കിപ്പഠിക്കുന്നതുകൊണ്ടു മാത്രം ഇന്ത്യയുടെ പ്രാക്ചരിത്രകാലത്തെ ജനങ്ങളെപ്പറ്റി പൂർണ്ണമായും വ്യക്തമായും മനസ്സിലാക്കുക എളുപ്പമല്ല. എന്തെന്നാൽ, ചുറ്റുപാടുമുള്ള പരിഷ്കൃതജീവിതത്തിന്റെ സ്വാധീനശക്തിക്ക് ഒട്ടുംതന്നെ കീഴടങ്ങാതെ പഴയപടി ജീവിതം തുടരുക അവർക്ക് സാദ്ധ്യമല്ലാതായിക്കഴിഞ്ഞിരിക്കുന്നു.

---

7. Ehrenfels: Kadar of Cochin, PP. 24–26.
8. A. Ayyappan: Kerala Darsan, P. 154.

## 5 ഗോത്രവർഗ്ഗക്കാരുടെ സാമൂഹ്യഘടന

എന്നിരിക്കിലും, നാമാവശേഷമാവാതെ ഇന്നും നില നിൽക്കുന്ന ഗിരിജനങ്ങളുടെയും മറ്റു ഗോത്രവർഗ്ഗക്കാരു ടെയും ജീവിതസമ്പ്രദായങ്ങളെ സൂക്ഷ്മമായി പരിശോ ധിച്ചാൽ പ്രാക്ചരിത്രകാലത്തെ പ്രാകൃതരും അപരിഷ്കൃ തരുമായ ജനസമൂഹങ്ങളുടെ സാമൂഹ്യബന്ധങ്ങളെപ്പ റ്റിയും ഉൽപാദനസമ്പ്രദായങ്ങളെപ്പറ്റിയും ഏറെക്കുറെ വിശ്വസനീയങ്ങളായ ചില അനുമാനങ്ങളിലെത്തിച്ചേ രാൻ കഴിയും. മൂന്നു കാര്യങ്ങൾ അസന്നിഗ്ധമായി തെ ളിയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്: ഒന്നാമതായി, അതിപ്രാ ചീനരായ മനുഷ്യർക്കിടയിൽ സാമ്പത്തികമായ ഉച്ചനീ ചത്വങ്ങളോ സ്വകാര്യസ്വത്തുടമയോ വർഗ്ഗവ്യത്യാസങ്ങ ളോ രാഷ്ട്രീയമായ ഭരണകൂടങ്ങളോ ഒന്നുമുണ്ടായിരുന്നി ല്ല. ഉൽപാദനോപകരണങ്ങളെല്ലാം പൊതുഉടമയിലാ യിരുന്നു. അവയുപയോഗിച്ചുൽപ്പാദിപ്പിക്കപ്പെടുന്ന വിഭ വങ്ങളും പൊതുസ്വത്തായിരുന്നു. സ്വകാര്യസ്വത്തുടമയ്ക്കു സ്ഥാനമുണ്ടായിരുന്നില്ല. ജന്മിയും കുടിയാനുമില്ല. മുത ലാളിയും തൊഴിലാളിയുമില്ല. ചൂഷകനും ചൂഷിതനുമില്ല. രാജാവും പ്രജയുമില്ല. ഭരണകൂടമെന്ന യന്ത്രം അജ്ഞാ തമായിരുന്നു. പൊലീസില്ല, പട്ടാളമില്ല, കോടതിയും ജയിലുമില്ല, മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളെ നിയന്ത്രി ച്ചിരുന്നത് കൂട്ടായി ഉൽപ്പാദിപ്പിക്കുക, കൂട്ടായി അനുഭ വിക്കുക എന്ന സമ്പ്രദായമായിരുന്നു. പണിയായുധ ങ്ങൾ പ്രാകൃതങ്ങളും അപരിഷ്കൃതങ്ങളുമായിരുന്നു. അതു കൊണ്ട് ഉൽപാദനവും മോശമായിരുന്നു. ഒറ്റയ്ക്കൊറ്റയ്ക്ക് പ്രകൃതിശക്തികൾക്കും വന്യജന്തുക്കൾക്കുമെതിരായി പോരാടാനും ഭക്ഷണസാമഗ്രികളും മറ്റും സമ്പാദിക്കാ നും സാദ്ധ്യമായിരുന്നില്ല. കൂട്ടായി അദ്ധ്വാനിക്കുകയും കൂട്ടായി അനുഭവിക്കുകയും ചെയ്യുക എന്ന തത്വമംഗീക രിക്കാതെ ജീവിതനിർവഹണം സാദ്ധ്യമായിരുന്നില്ല.

രണ്ടാമതായി, ജനങ്ങളെ ഈ കൂട്ടങ്ങളിൽ ഒന്നിച്ചുനിർ ത്താൻ പറ്റിയ സംഘടനാരൂപങ്ങളും ആചാരങ്ങളും വിശ്വാസപ്രമാണങ്ങളുമുണ്ടായിരുന്നു. കുലം, ഗോത്രം, ഗണം എന്നിങ്ങനെയുള്ള പേരുകളിലാണ് അവർ സം ഘടിച്ചിരുന്നത്. കുടുംബമായിരുന്നു ഏറ്റവും അടിത്തട്ടി ലുള്ള ഘടകം. ഒരു തറവാട്ടിൽ ഒന്നിലധികം കുടുംബ ങ്ങളുണ്ടാവും. തറവാടുകൾ കൂടിച്ചേർന്നതാണ് ഗോത്രം. കുലത്തിലെ, അല്ലെങ്കിൽ ഗോത്രത്തിലെ എല്ലാ അംഗ ങ്ങളും സമന്മാരായിരുന്നു. എല്ലാവരെയും ബാധിക്കുന്ന കാര്യങ്ങൾ എല്ലാവരും കൂടിയിരുന്നാലോചിച്ചു തീരു മാനങ്ങളെടുക്കും. പ്രത്യേക ചുമതലകൾ വഹിക്കാൻ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുണ്ടായിരുന്നു. ഗോ ത്രത്തെ പൊതുവിൽ ബാധിക്കുന്ന കാര്യങ്ങളെപ്പറ്റി ആലോചിക്കാൻ തറവാട്ടുകാരണവന്മാരുടെ, അല്ലെ ങ്കിൽ മൂപ്പന്മാരുടെ, കൂട്ടം (സഭ) വിളിച്ചുകൂട്ടുക പതിവാ യിരുന്നു. തഴക്കവും പഴക്കവും ചെന്ന കാരണവന്മാർ — അല്ലെങ്കിൽ മൂപ്പന്മാർ — ആണ് അംഗങ്ങളുടെ പ്രവർ ത്തനങ്ങളുടെ മേൽനോട്ടം വഹിച്ചിരുന്നത്. വിവാഹാ ഘോഷങ്ങളിലും ശവസംസ്കാരച്ചടങ്ങുകളിലും മറ്റും നേ തൃത്വം വഹിക്കുക, ഗോത്രങ്ങളിലെ അംഗങ്ങൾ തമ്മി ലോ ഗോത്രങ്ങൾ തമ്മിൽത്തമ്മിലോ ഉള്ള തർക്കങ്ങൾ ക്കു പരിഹാരം കാണുക, അംഗങ്ങളുടെ പൊതുക്ഷേമ ത്തിനും കൂട്ടുത്തരവാദിത്വത്തിനും മറ്റും പ്രോത്സാഹനം നൽകുക — ഇതെല്ലാം മൂപ്പന്മാരുടെ ചുമതലകളായിരു ന്നു, ഇത്തരം ചുമതലകൾ നിർവഹിക്കുന്ന മൂപ്പന്മാർക്ക്, സ്വാഭാവികമായിത്തന്നെ, ആധികാരികമായ ഒരു പദ വിയുണ്ടായിരുന്നു.

മൂന്നാമതായി, കുലം, ഗോത്രം, തറവാട് എന്നിങ്ങനെ വിഭജിക്കപ്പെട്ട ജനസമുദായത്തിന്റെ ഐക്യത്തെയും ചുമതലകളെയും നിർണ്ണയിച്ചിരുന്നത് രക്തബന്ധങ്ങ ളാണ്, സാമ്പത്തികബന്ധങ്ങളല്ല. രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള ചാർച്ചയും വേഴ്ചയുമാണ് കുലത്തി ന്റെയും ഗോത്രത്തിന്റെയും ഐക്യം നിലനിർത്തുകയും ദൈനംദിന ഭൗതികാവശ്യങ്ങളുടെ നിർവഹണത്തിനു പ്രചോദനം നൽകുകയും ചെയ്തുപോന്നത്. രക്തബന്ധ ത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ പ്രാചീനസാമൂഹ്യ ഘടനയുടെ ഏറ്റവും അടിയിലുള്ള ഘടകമായിരുന്നു കു ടുംബം.

## 6 ഉള്ളവരും ഇല്ലാത്തവരും

പ്രാകൃതകമ്യൂണിസം എന്നു വിളിക്കാവുന്ന ഈ ഗോത്ര സമൂഹവ്യവസ്ഥയുടെ അടിത്തറ ഇളകുകയും ഗോത്രവർഗ്ഗക്കാരുടെ ജീവിതരീതിയിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തുകയും ചെയ്തത് പ്രസ്തരയുഗത്തിൽ നിന്ന് ലോഹയുഗത്തിലേക്കുള്ള പുരോഗതിയാണ്. ലോഹങ്ങളുടെ കണ്ടുപിടുത്തം ഉൽപ്പാദനോപകരണങ്ങൾ കൂടുതൽ പരിഷ്കരിക്കാനും അങ്ങനെ ഉൽപ്പാദനത്തിന്റെ ഗതിക്രമം ത്വരിതപ്പെടുത്താനും സഹായിച്ചു. പലതരം കൈത്തൊഴിലുകളാവിർഭവിച്ചു. അതോടെ പുതിയ തരത്തിലുള്ള അദ്ധ്വാനവിഭജനവും നിലവിൽ വന്നു. അദ്ധ്വാനവിഭജനത്തിന്റെ ഫലമായി ഉൽപ്പന്നങ്ങളുടെ കൈമാറ്റം ആവശ്യമായിത്തീർന്നു. കച്ചവടക്കാർ രംഗപ്രവേശം ചെയ്തു. സ്വത്തുക്കൾ വർധിച്ചു.

കന്നുകാലിവളർത്തൽ, കൃഷി, കൈത്തൊഴിൽ എന്നിങ്ങനെ വിവിധ രംഗങ്ങളിൽ ഉൽപ്പാദനം വർധിച്ചപ്പോൾ മനുഷ്യന് സ്വന്തം നിലനിൽപ്പിന്നാവശ്യമുള്ളതിലുമധികം ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നായി. കൂട്ടായി ഉൽപ്പാദിപ്പിക്കുകയും കൂട്ടായി അനുഭവിക്കുകയും തുല്യനിലയിൽ കൂട്ടായി ജീവിക്കുകയും ചെയ്തുപോന്ന പ്രാചീനഗോത്രസമുദായങ്ങൾക്കിടയിൽ മെല്ലെ മെല്ലെ സ്വകാര്യസ്വത്ത് തലപൊക്കി. സമുദായത്തിനുള്ളിൽ ചിലർ "ഉള്ളവരും" മറ്റു ചിലർ "ഇല്ലാത്തവരു"മായി. ധനികനും ദരിദ്രനുമെന്ന വ്യത്യാസം ആവിർഭവിച്ചു. ധനികവിഭാഗക്കാർക്ക് സ്വയം കായികാദ്ധ്വാനത്തിലേർപ്പെടാതെ മറ്റുള്ളവരുടെ അദ്ധ്വാനഫലമനുഭവിച്ച് ജീവിക്കാനും ഒഴിവുസമയങ്ങളിൽ സാഹിത്യം, വൈദ്യം, ജ്യോതിഷം, മന്ത്രവാദം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താനും അവസരം ലഭിച്ചു. ഇക്കാലത്താണ് എഴുത്തും വായനയും ആരംഭിച്ചത്. പുതിയ ആവശ്യങ്ങളിൽ നിന്ന് പുതിയ പ്രവൃത്തിവിഭജനങ്ങളാവിർഭവിച്ചു. ധനികദരിദ്രവ്യത്യാസങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ പുതിയ പ്രവൃത്തിവിഭജനങ്ങളെ നിലനിർത്തിക്കൊണ്ട് സമുദായത്തിന്റെ ഐക്യം കാത്തുരക്ഷിക്കാൻ ധനികകുടുംബങ്ങളുടെ ആധിപത്യത്തിലുള്ള ഭരണകൂടവും നിലവിൽവന്നു. അങ്ങനെ ചിലർ ഭരണാധിപന്മാരും മറ്റുള്ളവർ ഭരിക്കപ്പെടുന്നവരുമായി മാറി. സഭ്യതയുടെ കാലഘട്ടം ആരംഭിച്ചു.

# 7 സിന്ധുതടസംസ്കാരം

പുരാതത്വഗവേഷകന്മാരുടെ പരിശ്രമഫലമായി കണ്ടെടുക്കപ്പെട്ട മോഹൻജദാരോവിന്റെയും ഹരപ്പയുടെയും ചന്ദൂദരോവിന്റെയും മറ്റും അവശിഷ്ടങ്ങൾ പ്രസ്തരയുഗത്തിൽ നിന്ന് ലോഹയുഗത്തിലേക്കും അപരിഷ്കൃതത്വത്തിൽ നിന്ന് സഭ്യതയിലേക്കുമുള്ള പരിവർത്തനത്തെ വ്യക്തമാക്കുന്നുണ്ട്. ഭൂഗർഭപരിശോധനയ്ക്കു വിധേയമായ ഈ മൂന്നു പ്രദേശങ്ങൾ വളരെ വിട്ടുവിട്ടാണ് കിടക്കുന്നത്. ഉദാഹരണത്തിന്, ഹരപ്പയിൽ നിന്ന് മോഹൻജദാരോവിലേക്ക് നാന്നൂറ് നാഴികയോളം ദൂരമുണ്ട്. സിന്ധുനദീതടസംസ്കാരം സുമറിന്റേതിനേക്കാൾ നാലിരട്ടി വിസ്താരം വരുന്ന ഒരു ഭൂപ്രദേശമാകെ വ്യാപിച്ചു കിടന്നിരുന്നുവെന്ന് ഗവേഷകന്മാർ ചൂണ്ടിക്കാണിക്കുന്നു. മൂന്നു നഗരങ്ങളുടെ അവശിഷ്ടങ്ങൾ മാത്രമല്ല കണ്ടുകിട്ടിയിട്ടുള്ളത്. അവയ്ക്കിടയിൽ വലുതും ചെറുതുമായ ഏതാനും ഗ്രാമങ്ങളുടെ അവശിഷ്ടങ്ങളും കുഴിച്ചെടുക്കപ്പെട്ടിട്ടുണ്ട്. അടുത്തകാലത്തു നടന്ന ഗവേഷണങ്ങളുടെ ഫലമായി മോഹൻജദാരോ–ഹരപ്പാ മാതൃകയിലുള്ള ഒരു സംസ്കാരം അഹമ്മദാബാദിൽ രംഗ്പൂർ, ലോത്തൽ എന്നീ പ്രദേശങ്ങൾ വരെയും തെക്ക് നർമ്മദ വരെയും വ്യാപിച്ചു കിടന്നിരുന്നു എന്ന് തെളിഞ്ഞിട്ടുണ്ട്. വീലർ എഴുതുന്നു:

> “സിംലാ കുന്നുകളുടെ അടിവാരത്തിലുള്ള രൂപാരിന്നും കറാച്ചിയിൽ നിന്നു മുന്നൂറ് നാഴിക പടിഞ്ഞാറ് അറബിക്കടൽക്കരയ്ക്കടുത്തുള്ള സുത്ക്കജെൻഡോറിനുമിടയ്ക്ക് അറുപതിലധികം സ്ഥലങ്ങളിൽ നിന്ന് ഹരപ്പാസംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ കുഴിച്ചെടുക്കപ്പെട്ടിട്ടുണ്ട്... ഈയിടെ നടന്ന പരിശോധനകളുടെ ഫലമായി സിന്ധുനദീതടസംസ്കാരം പടിഞ്ഞാറൻ കടൽത്തീരത്തിലൂടെ വളരെ ദൂരത്തോളം കീഴോട്ടു വ്യാപിച്ചു കിടന്നിരുന്നതായി തെളിഞ്ഞിരിക്കുന്നു. സിന്ധുനദീതടവാസികൾക്ക് എണ്ണൂറു നാഴിക നീളത്തിൽ കുറയാത്ത കടലോരം കൈവശമുണ്ടായിരുന്നു. അവരുടെ നാവികവ്യാപാരപ്രവർത്തനങ്ങളുടെ അവശിഷ്ടങ്ങൾ വല്ലതുമുണ്ടോ എന്ന് കൂടുതൽ പരിശോധനകൾ നടത്തിയാലേ വ്യക്തമാവൂ. സൗരാഷ്ട്രയിൽ (കത്തിയവാഡ്) കിഴക്കോട്ട് കാംബേ ഉൾക്കടൽവരെ നീണ്ടുകിടക്കുന്ന പ്രദേശങ്ങളിൽ ഹരപ്പാസംസ്കാരത്തിന്റെ നാല്പതോളം അവശിഷ്ടങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. അവയിൽ ചിലത് ഹരപ്പാസംസ്കാരത്തോട് സാമീപ്യം മാത്രമുള്ളവയാണെന്നും അതിന്റെ രൂപാന്തരങ്ങളാണെന്നും ന്യായമായും വ്യാഖ്യാനിക്കാം. എങ്കിലും അവ പൊതുവേ ഹരപ്പാ സംസ്കാരത്തിന്റെ കുറെക്കൂടി പുരോഗമിച്ച ഒരു ഘട്ടത്തെ വിപുലമായ തോതിൽ പ്രതിനിധീകരിക്കുന്നു എന്ന കാര്യത്തിൽ സംശയമില്ല. സിന്ധുനദീതടസംസ്കാരത്തിന്റെ ഏറ്റവും തെക്കേ അറ്റത്തെ സ്ഥാനം, പരിശോധനകൾ നടന്നേടത്തോളം വെച്ചു നോക്കിയാൽ (1959), ഭഗത്റാവ് എന്ന പേരിലാണറിയപ്പെട്ടുന്നത്. മോഹൻജദാരോവിൽ നിന്ന് അഞ്ഞൂറോളം നാഴിക തെക്കുകിഴക്കുള്ള കിംനദിയുടെ അഴിമുഖത്തിനടുത്താണ് അത് സ്ഥിതിചെയ്യുന്നത്. മറ്റുള്ളവ കുറച്ചുകൂടി വടക്ക് നർമ്മദയുടെ അഴിമുഖപ്രദേശത്തുള്ള മെഹഗം, തെലോഡ് എന്നിവിടങ്ങളിലാണ്”. [9]

സിന്ധുതടസംസ്കാരം തെന്നിന്ത്യയിലേക്കും വ്യാപിച്ചിരുന്നു എന്ന് ചില ലേഖകന്മാർ അവകാശപ്പെടുന്നുണ്ട്. പക്ഷേ, അത് ഗവേഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടില്ല. സിന്ധുതടത്തിലെ ജനങ്ങളും തെന്നിന്ത്യയിലെ ജനങ്ങളും തമ്മിൽ വ്യാപാരബന്ധങ്ങളുണ്ടായിരുന്നു എന്ന് കരുതുന്നതിൽ തെറ്റില്ല. തെക്കേ ഇന്ത്യയിലെ അരിക്കമേട്, ബ്രഹ്മഗിരി മുതലായ സ്ഥലങ്ങളിലെ നിവാസികൾക്ക് രണ്ടായിരത്തിലധികം കൊല്ലങ്ങൾക്കു മുമ്പുതന്നെ യവനന്മാരുമായും റോമാക്കാരുമായും ബന്ധങ്ങളുണ്ടായിരുന്നുവെന്ന് പുരാതത്വഗവേഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. തെക്കേ ഇന്ത്യയും ബാബിലോണും തമ്മിൽ വ്യാപാരബന്ധങ്ങളുണ്ടായിരുന്നുവെന്നും തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. യവനന്മാർക്ക് കേരളക്കരയുമായുള്ള ബന്ധത്തെപ്പറ്റി സംഘം കൃതികളിലും പരാമർശങ്ങളുണ്ട്.

സിന്ധുതടസംസ്കാരത്തിന്റെ വിസ്താരവും വ്യാപ്തിയും എന്തു തന്നെയാവട്ടെ, പൗരസ്ത്യലോകത്തിലെ ഏറ്റവും സുപ്രസിദ്ധങ്ങളായ മൂന്നു പുരാതനപിത്തള യുഗസംസ്കാരങ്ങളിലൊന്നായിരുന്നു അത് എന്ന് തീർച്ചപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. മാർഷൽ പറഞ്ഞു:

> “അയ്യായിരം കൊല്ലങ്ങൾക്കു മുമ്പ്, ആര്യന്മാരെപ്പറ്റി കേട്ടറിവു പോലുമില്ലാതിരുന്ന ഒരു കാലത്ത്, പഞ്ചാബിലും സിൻഡിലും അന്നത്തെ മെസപ്പൊട്ടേമിയ, ഈജിപ്ത് എന്നീ രാജ്യങ്ങളിലേതിനോടു കിടപിടിക്കുന്ന — ചില കാര്യങ്ങളിൽ അവയേക്കാൾ മികവുറ്റ ഒരുയർന്ന സംസ്കാരം നിലനിന്നിരുന്നു. ഹരപ്പയിലെയും മോഹൻജദാരോവിലെയും കണ്ടുപിടിത്തങ്ങൾ സംശയത്തിനിടയില്ലാത്തവിധം തെളിയിക്കുന്നതാണ്”. [10]

മോഹൻജദാരോയും ഹരപ്പയും ഒരൊറ്റ ഹരപ്പൻ സാമ്രാജ്യത്തിന്റെ ഇരട്ടത്തലസ്ഥാനങ്ങളായിരുന്നുവെന്നും ഈ സാമ്രാജ്യത്തിൽ നിരവധി സംസ്ഥാനങ്ങളും സുരക്ഷിതങ്ങളായ കോട്ടകൾ കെട്ടിയ പട്ടണങ്ങളും ഗ്രാമങ്ങളുമുണ്ടായിരുന്നുവെന്നും സ്റ്റുവർട്ട് ഹിഗ്ഗിൻസ് അഭിപ്രായപ്പെടുന്നു. തലസ്ഥാനനഗരികളിൽ ഉന്നതങ്ങളായ കോട്ടകളുണ്ട്. കോട്ടകളെ സംരക്ഷിക്കാൻ ചൂളയ്ക്കു വെച്ച ഇഷ്ടികകൾ കൊണ്ടു പടുത്തുയർത്തിയ മതിൽക്കെട്ടുകളുമുണ്ട്. നഗരങ്ങളുടെ മുഖ്യഭാഗങ്ങളെല്ലാം ചൂളയ്ക്കുവെച്ച ഇഷ്ടികകൾ കൊണ്ടു പടുത്തവയാണ്. ഇത്രയും വലിയ തോതിൽ ഇഷ്ടികകൾ ചുട്ടെടുക്കാൻ വളരെയേറെ വിറക് വേണ്ടിവന്നിട്ടുണ്ടാവണം. വിറകു ശേഖരിക്കാനും ഇഷ്ടികയുണ്ടാക്കാനും അതുകൊണ്ടുള്ള പലതരം പണികൾ നടത്താനും വളരെയധികം പേർ അദ്ധ്വാനിച്ചിട്ടുണ്ടാവണം.

---

9. Sir. Mortimer Wheeler: The Indus Civilization, P. 2, London 1960.
10. Sir. John Marshall: Mohenjodaro.

## 8 കൃഷിയും കൈത്തൊഴിലും

നൈൽനദീതട സംസ്കാരത്തിന്റെയും യൂഫ്രട്ടീസ് നദീതടസംസ്കാരത്തിന്റെയുമെന്നപോലെ തന്നെ സിന്ധുനദീതട സംസ്കാരത്തിന്റെയും അടിസ്ഥാനം ജലസേചനപദ്ധതികളുടെ സഹായത്തോടുകൂടിയ കൃഷിയായിരുന്നു. അണക്കെട്ടുകൾ ധാരാളമുണ്ടായിരുന്നു. അവയുടെ അവശിഷ്ടങ്ങൾ പഞ്ചാബിലെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഇപ്പോഴും കാണാം. സിന്ധുനദീതീരവാസികളിൽ വലിയൊരു വിഭാഗത്തിന്റെ മുഖ്യമായ തൊഴിൽ കൃഷിയായിരുന്നു. ധാരാളം കാർഷികോപകരണങ്ങൾ – വിശേഷിച്ചും, ചെമ്പു കൊണ്ടും പിത്തളകൊണ്ടും ഉണ്ടാക്കിയവ – കുഴിച്ചെടുക്കപ്പെട്ടിട്ടുണ്ട്. പ്രധാന വിളകൾ ബാർലിയും ഗോതമ്പും പരുത്തിയുമായിരുന്നു. ഗ്രാമക്കാർ നഗരവാസികളെ തീറ്റിപ്പോറ്റാൻ വേണ്ടിടത്തോളം സുലഭമായി ധാന്യങ്ങൾ കൃഷി ചെയ്തുണ്ടാക്കിയിരുന്നു. കൊയ്ത്ത് കഴിഞ്ഞാൽപ്പിന്നെ വലിയ ആഘോഷമാണ്. സംഗീതവും നൃത്തവും പൊടിപൊടിക്കും. മരവും തോലുമുപയോഗിച്ചുണ്ടാക്കിയതും ഇന്ത്യയിലിന്നും നമ്മൾ ഉപയോഗിച്ചുവരുന്ന തരത്തിലുമുള്ളതുമായ ചെണ്ടയായിരുന്നു അന്നത്തെ മുഖ്യമായ ഒരു സംഗീതോപകരണം. ആ പൗരാണികകാലത്തിന്റെ പൈതൃകം നൂറ്റാണ്ടുകളുടെ പരുക്കുകൾ തട്ടാതെ നിലനിന്നു പോന്നതിന്റെ ഫലമായിരിക്കാം നമ്മുടെ ഇന്നത്തെ ചെണ്ട.

കൃഷിയോടൊപ്പം തന്നെ കൈത്തൊഴിലുകളും വളർന്നുവന്നു. പണിയായുധങ്ങൾക്കും വീട്ടു സാമഗ്രികൾക്കുമെല്ലാം ചെമ്പ്, പിത്തള തുടങ്ങിയ ലോഹങ്ങൾ ഉപയോഗിച്ചിരുന്നു. എങ്കിലും പഴയ പ്രസ്തരോപകരണങ്ങൾ ഉപേക്ഷിക്കപ്പെട്ടില്ല. പലതരത്തിലുള്ള മൺപാത്രങ്ങളുമുണ്ടായിരുന്നു. മൺപാത്രങ്ങളുണ്ടാക്കാനുപയോഗിച്ച ചൂളകൾ നഗരാതിർത്തികളിൽ നിന്നു കണ്ടുകിട്ടിയിട്ടുണ്ട്. തൊഴിലുപകരണങ്ങളും മറ്റു സാമഗ്രികളുമെല്ലാം സാങ്കേതികമായി ഏറെക്കുറെ ഉയർന്ന നിലവാരം പുലർത്തുന്നവയായിരുന്നു. അവയിൽ ചിലത് ചെമ്പു കൊണ്ടും പിത്തള കൊണ്ടും നിർമ്മിക്കപ്പെട്ട ഒന്നാന്തരം മാതൃകകളാണ്. സിന്ധുനദീതീര നഗരങ്ങളിലെ ലോഹപ്പണിക്കാർ ഈയം, ചെമ്പ്, വെള്ളി തുടങ്ങിയ ലോഹങ്ങൾ ഉരുക്കി പണിചെയ്തിരുന്നു. സ്വർണ്ണപ്പണിയിലും അവർ പിന്നോക്കമായിരുന്നില്ല. ഹരപ്പൻ നഗരങ്ങളിൽ സുമർ സംസ്കാരത്തിലേതിനേക്കാൾ പഴക്കമുള്ള ആയുധങ്ങളും മറ്റുപകരണങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഉളി, മഴു, കഠാരി, കുന്തം, കത്തി, ക്ഷൗരക്കത്തി, ഈർച്ചവാൾ, അരിവാൾ, ചെമ്പുതകിട് കൊണ്ടുള്ള അമ്പുമുനകൾ തുടങ്ങി ഹരപ്പയിലെ ലോഹപ്പണിക്കാരുണ്ടാക്കിയ പലതരം ആയുധങ്ങൾ കുഴിച്ചെടുക്കപ്പെട്ടിട്ടുണ്ട്. അവിടെ കണ്ടെത്തിയ കെട്ടിടങ്ങളും ഉപകരണസാമഗ്രികളുമെല്ലാം തന്നെ ഇഷ്ടികപ്പണിക്കാർ, ആശാരിമാർ, കുശവന്മാർ, ചെമ്പുകൊട്ടികൾ, മിനുക്കുപണിക്കാർ, കല്ലാശാരികൾ, തട്ടാന്മാർ, ആഭരണപ്പണിക്കാർ എന്നിങ്ങനെ ഓരോ തൊഴിലിലും വൈദഗ്ദ്ധ്യം നേടിയ കൈത്തൊഴിൽ പണിക്കാരുണ്ടാക്കിയവയാണെന്ന് ചൈൽഡ് ഉറപ്പിച്ചു പറയുന്നു. [11]

സിന്ധുതടസംസ്കാരം പ്രധാനമായും ഒരു നാഗരിക സംസ്കാരമായിരുന്നു. ബാഹ്യലോകവുമായുള്ള കച്ചവടമായിരുന്നു സമ്പത്തിന്റെ ഒരു മുഖ്യമായ ഉറവിടം. ചക്രങ്ങൾ പിടിപ്പിച്ച വാഹനങ്ങളിലും തോണികളിലുമുള്ള ഗതാഗതം അക്കാലത്ത് അജ്ഞാതമായിരുന്നില്ല. കുഴിച്ചെടുക്കപ്പെട്ട നഗരാവശിഷ്ടങ്ങളുടെ കൂട്ടത്തിൽ രണ്ടു ചക്രങ്ങളുള്ള വണ്ടികളുടെയും കൂർത്ത മുനയുള്ള ആയുധങ്ങളുടെയും നാലുചക്രങ്ങളുള്ള വാഹനങ്ങളുടെയും മറ്റും കളിമൺ മാതൃകകൾ ഉൾപ്പെടുന്നു. വണ്ടി വലിക്കാനുപയോഗിച്ചിരുന്നത് കാളകളെയായിരിക്കണം.

സിന്ധുതടനിവാസികൾ നിരക്ഷരകുക്ഷികളായിരുന്നില്ല. കുഴിച്ചെടുക്കപ്പെട്ട പല സാമഗ്രികളിന്മേലും കൊത്തിവരയ്ക്കപ്പെട്ട ചിത്രലിപികൾ കാണാം. ഭാഷാശാസ്ത്രജ്ഞന്മാർക്ക് ഇനിയും അവയെ തൃപ്തികരമാം വിധം വായിച്ചു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല,

അയ്യായിരം കൊല്ലങ്ങൾക്ക് മുമ്പ് ജലസേചനപദ്ധതികളുപയോഗിച്ചുള്ള കൃഷി, കൈത്തൊഴിലുകളും വ്യാപാരങ്ങളും, നഗരങ്ങളിലെ ജലവിതരണസമ്പ്രദായങ്ങളും അഴുക്കു ചാൽപദ്ധതികളും, സുരക്ഷിതങ്ങളായ കോട്ടകൾ, വിശാലമായ മുറ്റങ്ങളും സ്നാനഗൃഹങ്ങളും മറ്റും മറ്റുമുള്ള ഇരുനില കെട്ടിടങ്ങൾ, സംഗീതോപകരണങ്ങൾ, ചിത്രലിപികൾ മുതലായവയോടു കൂടിയ ഒരു പ്രാചീന സംസ്കാരം ഇന്ത്യയിലെ വിസ്തൃതമായ പ്രദേശങ്ങളിൽ നിലനിന്നിരുന്നു എന്നതിന്റെ തെളിവുകൾ ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ മാത്രമാണ് നമുക്ക് ലഭിച്ചത്. അതോടെ ഇന്ത്യയുടെ പ്രാചീനചരിത്രത്തെക്കുറിച്ചുള്ള പല ധാരണകളും മാറ്റിപ്പണിയണമെന്നു വന്നു.

ഹരപ്പാ–മോഹൻജദാരോ നിവാസികളുടെ ജീവിതരീതിയെന്തായിരുന്നു? അവരുടെ സാമൂഹ്യബന്ധങ്ങളെങ്ങനെയായിരുന്നു? അവരുടെ ആചാരങ്ങളും ചിന്തകളും എന്തൊക്കെയായിരുന്നു?

കിട്ടിയേടത്തോളം തെളിവുകൾ വെച്ചുകൊണ്ട് ചില ഊഹങ്ങളിലും അനുമാനങ്ങളിലും എത്തിച്ചേരാനല്ലാതെ ഇത്തരം ചോദ്യങ്ങൾക്കെല്ലാം തികച്ചും തൃപ്തികരമായ സമാധാനം കണ്ടുപിടിക്കുക സാദ്ധ്യമല്ല. ലിപികൾ വായിച്ചു മനസ്സിലാക്കാനുള്ള ശ്രമങ്ങൾ വിജയിച്ചാൽ കൂടുതലെളുപ്പമുണ്ടായേക്കാം.

---

11. Gordon Childe: Man Makes Himself, P. 34.

## 9 സിന്ധുതട നിവാസികളുടെ ഭരണസമ്പ്രദായം

എങ്കിലും ഒരു കാര്യം തീർച്ചയാണ്. ഹരപ്പാ-മോഹൻജദാരോ നിവാസികൾ പ്രസ്തരയുഗത്തെ പിന്നിട്ട് ലോഹയുഗത്തിലെത്തിക്കഴിഞ്ഞിരുന്നു. അപരിഷ്കൃതത്വത്തിൽ നിന്ന് സഭ്യതയിലേക്കു കാലെടുത്തുവെച്ചു കഴിഞ്ഞിരുന്നു. അതോടൊപ്പം ധനികദരിദ്രവ്യത്യാസങ്ങളും മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്ന സമ്പ്രദായവും ആവിർഭവിച്ചു കഴിഞ്ഞിരുന്നു. നഗരത്തിലെ ഉന്നതമായ കൊട്ടാരം ‘ഭരണാധിപ’ന്റെ താമസസ്ഥലമായിരിക്കാം. സാമൂഹ്യോല്പന്നങ്ങളുടെ ഗണ്യമായ ഒരു ഭാഗം ‘ഭരണാധിപ’ന്റെ കയ്യിലെത്തിച്ചേർന്നിരുന്നുവെന്ന് അനുമാനിക്കാം. കൊട്ടാരത്തോടനുബന്ധിച്ചുള്ള കൂറ്റൻ ധാന്യപ്പുരകൾ അതിനുള്ള തെളിവാണ്.

ഒരുവശത്ത് ചൂളക്ക് വെച്ച ഇഷ്ടികകൾ കൊണ്ടു നിർമ്മിക്കപ്പെട്ടവയും നിരവധി മുറികളും കുളിമുറികളും മുറ്റങ്ങളും മതിൽക്കെട്ടുകളും മറ്റുള്ളവയുമായ ഇരുനിലമാളികകൾ; മറുവശത്ത് അഴുക്കുചാലുകളോ ജലവിതരണപദ്ധതികളോ ശുചീകരണസൗകര്യങ്ങളോ ഒന്നുമില്ലാതെ നിരനിരയായി നിൽക്കുന്ന ഇഷ്ടികവീടുകൾ. ധനികവിഭാഗക്കാർക്ക് വേണ്ടി നിർമ്മിക്കപ്പെട്ട അഴുക്കുചാലുകളും നിരത്തുകളും മറ്റും ശുചിയാക്കി വെക്കാൻ വേലക്കാരുണ്ടായിരുന്നിരിക്കണം. സമുദായം സാമ്പത്തികവർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടു കഴിഞ്ഞിരുന്നുവെന്നാണ് ഈ വൈരുദ്ധ്യം തെളിയിക്കുന്നത് എന്ന് ചൈൽഡ് ചൂണ്ടിക്കാണിക്കുന്നു. മാക്കേ എഴുതുന്നു: “പണക്കാരായ സ്ഥാപിത താല്പര്യക്കാരുടെയും കച്ചവടക്കാരുടെയും വർഗ്ഗങ്ങളും ധാരാളം കൈവേലക്കാരും അസംഖ്യം അടിമകളും അക്കാലത്തുണ്ടായിരുന്നു എന്ന് ഇത് തെളിയിക്കുന്നു”. [12]

പ്രാചീനബാബിലോണിലും ഈജിപ്തിലുമെന്ന പോലെ ഇന്ത്യയിലും കെട്ടിടനിർമ്മാണ ജോലിക്കും മറ്റും അടിമകളെ ഉപയോഗിച്ചിരുന്നുവെന്നാണ് ഗോർഡൻ കരുതുന്നത്. അദ്ദേഹം എഴുതുന്നു:

> “സിന്ധുനദീതട സംസ്കാരം നിലനിന്നുപോന്ന കാലത്ത് സമുദായത്തിന്റെ ദൈനംദിന ജീവിതത്തിലും സാമ്പത്തികരംഗത്തിലും അടിമവേല സുപ്രധാനമായ ഒരു പങ്ക് വഹിച്ചിരിക്കാനിടയുണ്ട്. കാൽമുട്ടുകൾ കൂട്ടിപ്പിടിച്ച് നിലത്തു കുന്തിച്ചിരിക്കുന്ന ചുട്ട കളിമൺപ്രതിമകൾ — അവ മിക്കവാറും പുരുഷപ്രതിമകളാണ് — ധാരാളം കണ്ടുകിട്ടിയിട്ടുണ്ട്. ഹരപ്പാ മ്യൂസിയത്തിൽ ഇത്തരത്തിലുള്ള 76 പ്രതിമകളുണ്ട്. അവയിൽ ചിലതിന് നിറയെ തുളകളോടുകൂടിയ വട്ടത്തൊപ്പിയും മുമ്പിലേക്ക് തള്ളിനിൽക്കുന്ന കഴുത്തുപട്ടകളുമുണ്ട്. അവർ അടിമകളായിരിക്കാനിടയുണ്ട്. [13]

ഈ കാലഘട്ടത്തെക്കുറിച്ചുള്ള പഠനത്തിൽ ഏറ്റവും നൂലാമാല പിടിച്ചപണി ഭരണസംവിധാനത്തിന്റെ ശരിയായ സ്വഭാവം കണ്ടുപിടിക്കലാണ്. സുമർ, ഈജിപ്ത്, അക്കാഡ് എന്നിവിടങ്ങളിലെന്നപോലെ തന്നെ സിന്ധുനദീതടങ്ങളിലും സ്വേച്ഛാധിപതികളായ ഭരണാധിപന്മാരാണ് ഭരണയന്ത്രത്തിന്റെ ചുക്കാൻ പിടിച്ചിരുന്നത് എന്നാണ് വീലറുടെ അഭിപ്രായം. “പുണ്യത്വം കല്പിക്കപ്പെട്ട രാജാവോടുകൂടിയ ഒരു പൗരോഹിത്യഭരണമായിരുന്നു അത്” എന്നാണദ്ദേഹം പറയുന്നത്. ചൈൽഡ് പറയുന്നതിങ്ങനെയാണ്:

> “ധനികനെന്നും ദരിദ്രനെന്നുമുള്ള വർഗ്ഗവിഭജനത്തിന്റെ സൂചനകളുണ്ട്. എന്നാൽ, ഈ പൗരോഹിത്യാധിപത്യത്തിന്റെ തലപ്പത്തിരുന്നത് രാജാവോ പുരോഹിതനോ എന്നു തിട്ടപ്പെടുത്തുക വയ്യ”. [14]

വീലർ എഴുതുന്നു:

> “ഹരപ്പയിലെ ഭരണത്തലവന്മാരുടെ അധികാരശക്തിയുടെ അടിത്തറ എന്തുതന്നെയായിരുന്നാലും ശരി — മതപരമായ ഘടകം അതിൽ മുന്നിട്ടു നിന്നിരുന്നുവെന്ന് ന്യായമായും ഊഹിക്കാം — സുമറിലെയും അക്കാഡിലെയും പുരോഹിതന്മാരുടേതിൽ നിന്ന് വളരെയൊന്നും വ്യത്യസ്തമല്ലാത്ത ഒരു ഭരണമാണ് അവർ നടത്തിപ്പോന്നത്”. [15]

പിഗ്ഗോട്ടിന്റെ അഭിപ്രായത്തിൽ, ഭരണകൂടത്തെ നിയന്ത്രിച്ചിരുന്നത് സ്വേച്ഛാനുസൃതം പ്രവർത്തിക്കാനുള്ള സർവാധികാരങ്ങളോടും കൂടിയ പുരോഹിതരാജാക്കന്മാരാണ്. എന്നാൽ, അയ്യഞ്ചംഗങ്ങളടങ്ങിയ സമിതികളാണ് നഗരങ്ങളെ ഭരിച്ചിരുന്നത് എന്ന് ഹെവിറ്റ് പറയുന്നു. മഹാഭാരതത്തിലും സ്ട്രോബോവിന്റെ പൗരാണികേന്ത്യ എന്ന ഗ്രന്ഥത്തിലും ഇത്തരം ഭരണസമിതികളെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. ഇന്നത്തെ പഞ്ചായത്തുകളിൽ ഈ സമ്പ്രദായത്തിന്റെ അവശിഷ്ടങ്ങൾ കാണാം.

എന്നാൽ, ഈ അനുമാനങ്ങൾ സിന്ധുനദീതടത്തിലെ ഭരണസമ്പ്രദായത്തിന്റെ സ്വഭാവമെന്തായിരുന്നു എന്ന് അസന്ദിഗ്ദ്ധമാം വിധം വ്യക്തമാക്കുന്നില്ല. കെട്ടിപ്പിണഞ്ഞ ഈ പ്രശ്നത്തിനു തൃപ്തികരമായ സമാധാനം കണ്ടുപിടിക്കാൻ വേണ്ടി കൂടുതൽ ഗവേഷണങ്ങൾ നടത്തുന്നതിനുള്ള ചില നിർദ്ദേശങ്ങൾ മാത്രമാണവ. ഒരുപക്ഷേ, ഇടിഞ്ഞുപൊളിഞ്ഞ കൊട്ടാരങ്ങളുടെ ചുമരുകളിന്മേലുള്ള എഴുത്തുകൾ ശരിക്കു വായിച്ചു മനസ്സിലാക്കാൻ കഴിയുമ്പോൾ ഈ പ്രശ്നത്തിന് കൂടുതൽ തൃപ്തികരമായ പരിഹാരമുണ്ടായേക്കാം.

ക്രിസ്തുവിന് ഏതാണ്ട് 1500 കൊല്ലങ്ങൾക്കു മുമ്പ് ആര്യന്മാർ കൂട്ടം കൂട്ടമായി ഇന്ത്യയിൽ വന്നെത്തുന്നതുവരെ മോഹൻജദാരോ–ഹരപ്പൻ സംസ്കാരം നിലനിന്നിരുന്നുവെന്നതിന് തെളിവുകളുണ്ട്. പക്ഷേ, ആര്യന്മാരാണ് ആ സംസ്കാരത്തെ ചുട്ടുകരിച്ചു നശിപ്പിച്ചത് എന്ന് തീർത്തുപറയാൻ തെളിവുകൾ പോര. ആഭ്യന്തരകാരണങ്ങളാൽ ഹരപ്പാ–മോഹൻജദാരോ സംസ്കാരത്തിന്റെ വളർച്ച മുട്ടിക്കഴിഞ്ഞ ഒരു ഘട്ടത്തിലാണ് ആര്യന്മാർ ഇന്ത്യയിൽ പ്രവേശിച്ചത് എന്നു വന്നുകൂടേ?

എന്നാൽ, ശക്തരായ ശത്രുക്കളോടേറ്റുമുട്ടിക്കൊണ്ടാണ് ആര്യന്മാർ ഇന്ത്യയിൽ കുടിയേറിപ്പാർപ്പുറപ്പിച്ചത് എന്ന കാര്യത്തിൽ സംശയമില്ല. ഋഗ്വേദത്തിൽ തന്നെ അതിനുള്ള ധാരാളം തെളിവുകളുണ്ട്. അസുരന്മാരെയും ദസ്യുക്കളെയും കീഴടക്കി നശിപ്പിക്കാൻ വേണ്ടിയുള്ള തങ്ങളുടെ പരിശ്രമങ്ങൾക്കു പിന്തുണ നൽകാൻ അവർ വീണ്ടും വീണ്ടും ഇന്ദ്രനോടു പ്രാർത്ഥിക്കുന്നു. ഇന്ദ്രനായിരുന്നു അവരുടെ പ്രധാന ദൈവം. അസുരഘ്നനെന്നും പുരന്ദരനെന്നും മറ്റും ഇന്ദ്രനെ വിശേഷിപ്പിക്കുന്നുണ്ട്. ഇന്ദ്രൻ അശ്വങ്ങളുമായി വന്ന് കയ്യിൽ വജ്രായുധമെടുത്ത് ശത്രുക്കളുടെ മേൽ പ്രഹരങ്ങളേൽപ്പിക്കുകയും അവരുടെ കോട്ടകൾ ഇടിച്ചു തകർക്കുകയും ചെയ്യുന്നു.

പുറമെ നിന്ന് കൂട്ടം കൂട്ടമായി വന്ന ഈ കുടിയേറിപ്പാർപ്പുകാർ വടക്കുപടിഞ്ഞാറൻ ഇന്ത്യയിലെ ആദിവാസികളുമായി യുദ്ധം വെട്ടിക്കൊണ്ടിരുന്ന കാലത്ത് ആര്യന്മാർ എന്ന പേർ സ്വയം സ്വീകരിക്കുകയാണുണ്ടായതെന്ന് ചില ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു. സിന്ധു താഴ്വരയിലെ ജനങ്ങളേക്കാൾ കുലീനന്മാരും ഉന്നതന്മാരുമാണ് തങ്ങൾ എന്നു വിശ്വസിച്ചിരുന്നതു കൊണ്ടാണത്രേ അവർ തങ്ങളെത്തന്നെ ആര്യന്മാർ എന്നു വിശേഷിപ്പിച്ചത്. ഇന്ത്യയിലുണ്ടായിരുന്ന ആദിമവാസികളെ അവർ ദാസന്മാരെന്നും ദസ്യുക്കളെന്നും അസുരന്മാരെന്നും രാക്ഷസന്മാരെന്നും മറ്റും വിളിച്ചു. ദാസൻ, ദസ്യു എന്നീ പദങ്ങൾക്ക് ആരംഭത്തിൽ ‘ശത്രു’ എന്നായിരുന്നു അർത്ഥം. ‘ഭൃത്യൻ’ എന്നോ ‘അടിമ’ എന്നോ ഉള്ള അർത്ഥം വന്നത് ആര്യന്മാർ അവരെ കീഴടക്കിയതിനു ശേഷമാണ്.

---

12. Ernest Mackey: Indus Civilization.
13. Colonel D. H. Gordon: The Pre-Historic Background of Indian Culture, P. 7.
14. Childe: Man Makes Himself, P. 135.
15. M. Wheeler: Indus Civilization.

# 10 ആര്യന്മാരും അനാര്യന്മാരും

ക്രി. മു. രണ്ടാം സഹസ്രാബ്ദത്തിന്റെ ആദ്യശതകങ്ങളിൽ സിന്ധുഗംഗാതീരങ്ങളിൽ ജീവിച്ചിരുന്ന ജനസമൂഹങ്ങളെപ്പറ്റി വേദങ്ങളിൽ പല പരാമർശങ്ങളുമുണ്ട്. അവർ കറുത്ത തൊലിയും പരന്ന മൂക്കുമുള്ളവരായിരുന്നു. അവർക്ക് ഒന്നാന്തരം കോട്ടകളും നഗരങ്ങളുമുണ്ടായിരുന്നു. സുഖസൗകര്യങ്ങളോടു കൂടിയ മണിമാളികകളിൽ താമസിച്ചിരുന്ന ധനികരായ കച്ചവടക്കാർ അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. ഫലപുഷ്ടിയുള്ള ഭൂമിയിൽ അവർ കൃഷി ചെയ്തിരുന്നു. നൂൽനൂൽപ്പിലും നെയ്ത്തിലും അവർ വിദഗ്ധരായിരുന്നു. മണ്ണുകൊണ്ടും ചെമ്പുകൊണ്ടുമുള്ള പാത്രങ്ങളും സ്വർണ്ണം കൊണ്ടും വെള്ളികൊണ്ടുമുള്ള ആഭരണങ്ങളും അവർക്കുണ്ടായിരുന്നു. കല്ലുകൊണ്ടും ചെമ്പുകൊണ്ടുമുള്ള പലതരം ആയുധങ്ങളുമുണ്ടായിരുന്നു.

ദസ്യുക്കളുടെ സംസ്കാരം ആര്യന്മാരുടേതിനേക്കാൾ ഉയർന്നതായിരുന്നു എന്ന് ഋഗ്വേദത്തിലെ പരാമർശങ്ങൾ വ്യക്തമാക്കുന്നുണ്ട്. അവർക്ക് ഉറപ്പുള്ള കോട്ടകളും സ്വർണ്ണാഭരണങ്ങളും മറ്റുമുണ്ടായിരുന്നുവെന്നതു മാത്രമല്ല കാരണം. അവരുടെ ജീവിതരീതി മാത്രമല്ല, മതവിശ്വാസവും കൂടുതലുയർന്ന നിലവാരത്തിലുള്ളതായിരുന്നു. ആര്യന്മാർ പ്രകൃതിശക്തികളെ ആരാധിച്ചപ്പോൾ ദസ്യുക്കൾ ഭഗവതി, ശിവലിംഗം, നന്ദികേശ്വരൻ മുതലായ കൂടുതൽ പരിഷ്കരിച്ച ദൈവങ്ങളെ പൂജിച്ചു. ആര്യന്മാർക്ക്, തങ്ങളുടെ ദൈവങ്ങളെ അംഗീകരിക്കാനും ആരാധിക്കാനും കൂട്ടാക്കാത്ത ദസ്യുക്കളോട് വെറുപ്പായിരുന്നു. അവരെപ്പറ്റി പുരോഹിതന്മാർക്ക് ദാനം നൽകാത്തവരെന്നും യജ്ഞങ്ങൾ നടത്താത്തവരെന്നുമൊക്കെ വേദങ്ങൾ പ്രത്യേകം എടുത്തുപറയുന്നുണ്ട്.

ഇങ്ങനെ ആഴത്തിൽ വേരൂന്നിക്കഴിഞ്ഞതും തങ്ങളുടേതിനേക്കാൾ ഉയർന്ന നിലവാരത്തിലുള്ളതുമായ ഒരു സംസ്കാരത്തെ തോല്പിച്ചു കീഴടക്കാൻ ആര്യന്മാർക്കെങ്ങനെ സാധിച്ചു? ഈ ചോദ്യത്തിന് ചൈൽഡ് മറുപടി പറയുന്നതിങ്ങനെയാണ്:

> "ഇരുമ്പുകൊണ്ടുള്ള ആയുധങ്ങൾ കൈവശമുണ്ടെങ്കിൽ വെറുമൊരു സാധാരണക്കാരന് പിത്തളയുഗത്തിലെ പ്രഭുവിനെ സമാനനിലയിൽ നേരിടാൻ കഴിയും. പിത്തളകൊണ്ടുള്ള ആയുധങ്ങളുടെ കുത്തകയുണ്ടെന്നതിനാൽ തങ്ങൾ അജയ്യരാണ് എന്നു കരുതുന്ന പരിഷ്കൃതരാജ്യങ്ങളിലെ പട്ടാളക്കാരെപ്പോലും അപരിഷ്കൃതരും ദരിദ്രരുമായ ഒരു ജനതയ്ക്ക്, ഇരുമ്പായുധങ്ങൾ കൈവശമുണ്ടെങ്കിൽ, വെല്ലുവിളിക്കാൻ കഴിയും". [16]

ആര്യന്മാർ അപരിഷ്കൃതരായിരുന്നു. എങ്കിലും ആയുധങ്ങളുടെ കാര്യത്തിൽ അവർ മുൻപന്തിയിലായിരുന്നു. അവർക്ക് ഉറപ്പുള്ള കവചങ്ങളും ഇരുമ്പു തൊപ്പികളും ഉരുക്കുചട്ടകളും നല്ലപോലെ പരിശീലനം സിദ്ധിച്ച കുതിരകളും തേരുകളും മറ്റുമുണ്ടായിരുന്നു. സിന്ധു–ഗംഗാതീരങ്ങളിലെ ജനങ്ങൾ കൂടുതൽ പരിഷ്കൃതരായിരുന്നുവെങ്കിലും അവർക്ക് ഇത്തരം ആയുധസജ്ജീകരണങ്ങളൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ട്, യുദ്ധവിദഗ്ധരായ ആര്യന്മാരെ ഏറെക്കാലം ചെറുത്തുനിൽക്കാൻ അവർക്ക് കഴിഞ്ഞില്ലെങ്കിൽ അതിലത്ഭുതമൊന്നുമില്ല. അപരിഷ്കൃത സമുദായങ്ങൾ പരിഷ്കൃതസമുദായങ്ങളെ യുദ്ധം ചെയ്തു കീഴടക്കിയതിന്റെ ഉദാഹരണങ്ങൾ ചരിത്രത്തിൽ വേറെയുമുണ്ട്.

---

16. Gordon Childe: What Happened in History, Penguin Edition, P. 103.

# 11 സംസ്കാരങ്ങളുടെ സമന്വയം

ഇന്ത്യയിലെ അനാര്യന്മാരായ പ്രാചീന നിവാസികളെ യുദ്ധം ചെയ്തു കീഴടക്കാൻ ആര്യന്മാർക്കു സാധിച്ചുവെന്നതു ശരിതന്നെ. എങ്കിലും സിന്ധുവിന്റെയും ഗംഗയുടെയും അവയുടെ പോഷകനദികളുടെയും തീരങ്ങളിലും അതിനപ്പുറവും വ്യാപിച്ചു കിടന്നിരുന്ന അനാര്യസംസ്കാരത്തെ പാടേ തുടച്ചു മാറ്റാൻ അവർക്കു കഴിഞ്ഞില്ല. ആര്യന്മാരുടെ ആധിപത്യത്തിനു ശേഷവും അവരുടേതിൽ നിന്നു വിഭിന്നങ്ങളായ സ്വന്തം സംസ്കാരങ്ങളെയും ആചാരസമ്പ്രദായങ്ങളെയും മുറുകെപിടിച്ചുകൊണ്ട് സാമൂഹ്യവളർച്ചയുടെ പല നിലവാരങ്ങളിലുമെത്തിയ അനാര്യസമുദായങ്ങൾ നിലനിന്നുപോന്നു. ഋഗ്വേദം, മഹാഭാരതം തുടങ്ങിയ പ്രാചീന സാഹിത്യ കൃതികളിലെ പരാമർശങ്ങൾ മാത്രമല്ല, പുരാതത്വഗവേഷകന്മാരും നരവംശശാസ്ത്രജ്ഞന്മാരും നൽകുന്ന തെളിവുകളും ഇക്കാര്യം വ്യക്തമാക്കി കഴിഞ്ഞിട്ടുണ്ട്. ആര്യന്മാരുടെ ആധിപത്യം അനാര്യസമുദായങ്ങളുടെ ജീവിതരീതിയെ സാരമായി ബാധിച്ചുവെന്നതു ശരിയാണ്. എന്നാൽ അതോടൊപ്പം തന്നെ അനാര്യസമുദായങ്ങളുടെ സംസ്കാരത്തിന്റെ പല ഘടകങ്ങളും ആര്യന്മാരുടെ ജീവിതരീതിയിലും മാറ്റങ്ങളുണ്ടാക്കി. രാധാകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നു:

> "വേദമതം പഴയ ആചാരസമ്പ്രദായങ്ങളുടെയും ഉപാസനാവിധികളുടെയും മാതൃകകളെ ഏറ്റെടുക്കുകയും ഉൾക്കൊള്ളുകയും നിലനിർത്തുകയും ചെയ്തു. അവയെ നശിപ്പിച്ചു കളയുന്നതിനുപകരം പുതിയ ആവശ്യങ്ങൾക്കു പറ്റിയ വിധത്തിൽ രൂപപ്പെടുത്തിയെടുത്തു. ദ്രാവിഡരുടെയും മറ്റ് ആദിമവാസികളുടെയും സാമൂഹ്യജീവിതത്തിൽ നിന്ന് അത്രയധികം ഉൾക്കൊണ്ടതിന്റെ ഫലമായി പ്രാരംഭകാലത്തെ ആര്യഘടകങ്ങളെ മറ്റുള്ളവയിൽ നിന്ന് വേർതിരിച്ചുകാണുക വളരെ പ്രയാസകരമാണ്". [17]

ആര്യന്മാരുടെയും അനാര്യന്മാരുടെയും സംസ്കാരങ്ങളുടെ വിഭിന്നഘടകങ്ങൾ കൂടിക്കലർന്ന് ഒന്നായിത്തീരുകയാണ് യഥാർത്ഥത്തിലുണ്ടായത്. രവീന്ദ്രനാഥ ടാഗോർ പ്രസ്താവിക്കുന്നതുപോലെ, "അനാര്യസംസ്കാരത്തിന്റെ ഘടകങ്ങൾ കൂടുതൽ കൂടുതൽ വെച്ചു പൊറുപ്പിക്കപ്പെടുക മാത്രമല്ല, പൊരുത്തക്കേടുകളെ വകവെക്കാതെ സ്വാഗതം ചെയ്യപ്പെടുകയുണ്ടായി. വർഗ്ഗസങ്കര പ്രക്രിയയിൽ അനാര്യഘടകങ്ങൾക്ക് കൂടുതൽ കൂടുതൽ പ്രാമുഖ്യം ലഭിച്ചു". [18]

ഗോൾഡൻ ചൈൽഡിന്റെ അഭിപ്രായത്തിൽ, "ഒരു സവിശേഷമായ ചുറ്റുപാടിനോട് മനുഷ്യജീവിതം സമ്പൂർണ്ണമായി ഇണങ്ങിച്ചേർന്നു നിൽക്കുന്നതിന്റെ പ്രാതിനിധ്യമാണ് സിന്ധൂതടസംസ്കാരം വഹിക്കുന്നത്. വളരെ കാലത്തെ ക്ഷമയോടു കൂടിയ പ്രയത്നത്തിന്റെ ഫലമായിട്ടേ അങ്ങനെയൊരു ഇണക്കം സാധിക്കൂ. അതു നിലനിൽക്കുകയും ചെയ്തു. ഇതിനകം അതു സവിശേഷം ഭാരതീയമായിക്കഴിഞ്ഞിട്ടുണ്ട്. ആധുനികഭാരതീയ സംസ്കാരത്തിന്റെ അസ്തിവാരമായിത്തീർന്നതും അതാണ്".

എന്നാൽ, ആര്യന്മാർ ഇന്ത്യയിൽ കുടിയേറിപ്പാർത്ത ഉടനെതന്നെ അനാര്യസമുദായങ്ങളുടെ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും ഘടകങ്ങളെ ഉൾക്കൊള്ളിക്കുകയും അങ്ങനെ പുതിയൊരു ഭാരതീയസംസ്കാരത്തിന്റെ അടിത്തറപാവുകയും ചെയ്തു എന്നു ധരിക്കുന്നതു തെറ്റായിരിക്കും. ആര്യന്മാരുടെ സാമ്പത്തിക–സാമൂഹ്യജീവിതത്തിൽ പല മാറ്റങ്ങളും സംഭവിക്കുകയും നീണ്ടുനിന്ന സമരങ്ങൾക്കുശേഷം അനാര്യന്മാരുമായുള്ള സഹകരണം ആവശ്യമായിത്തീരുകയും ചെയ്തതിന്റെ ഫലമായി നൂറ്റാണ്ടുകളിലൂടെ പുഷ്ടിപ്പെട്ടു വന്ന ഒരു സങ്കരപ്രക്രിയയാണിത്.

---

17. S. Radhakrishnan: Eastern Religions and Western Thought.
18. Rabindranath Tagore: A vision of India's History, P. 34.

## 12 അസമമായ വളർച്ച

ഇന്ത്യൻ സംസ്കാരവും ഇന്ത്യൻ തത്വചിന്തകളും ഇന്ത്യയുടെ വിഭിന്ന പ്രദേശങ്ങളിൽ അല്ലെങ്കിൽ വ്യത്യസ്ത ജനസമുദായങ്ങളിൽ, ഒരേസമയത്ത് ഒരേരീതിയിൽ വളർന്നു വന്നു എന്നു ധരിക്കുന്നതും തെറ്റാണ്. ഇന്ത്യൻ ജനതയുടെ സാമ്പത്തിക–സാമൂഹ്യ ജീവിതമെന്ന പോലെ തന്നെ സംസ്കാരവും തത്വചിന്തകളും അസമമായിട്ടാണ് വളർന്നത്. ഈ അസമമായ വളർച്ചയുടെ ഫലങ്ങൾ ഇന്നും പ്രകടമായിക്കാണാം. ഒരുഭാഗത്ത് ആധുനിക സംസ്കാരത്തിന്റെ സ്വാധീനത്തിൽ നിന്ന് ഒഴിഞ്ഞുമാറിക്കൊണ്ട് കാടുകളിലും പർവതപ്രാന്തങ്ങളിലും കഴിച്ചുകൂട്ടുന്ന ദശലക്ഷക്കണക്കിലുള്ള നിരക്ഷരരായ അപരിഷ്കൃത ഗോത്രവർഗ്ഗക്കാർ അന്നന്നത്തെ ഭക്ഷണത്തിനാവശ്യമായ വന്യവിഭവങ്ങളെപ്പറ്റിയും ആലോചിക്കുമ്പോൾ തൊട്ടടുത്തു തന്നെ ആധുനികസംസ്കാരത്തിന്റെ സങ്കീർണ്ണതകൾക്കിടയിൽ ജീവിക്കുന്ന പരിഷ്കൃതമനുഷ്യർ എയർകണ്ടീഷൻഡ് മുറികളെപ്പറ്റിയും പുതിയ കാറുകളെപ്പറ്റിയും ടെലിവിഷനെപ്പറ്റിയും മറ്റുമാലോചിക്കുകയും ശങ്കരൻ ഹെഗൽ, മാർക്സ്, സാർത്ര് മുതലായവരുടെ തത്വചിന്തകളെപ്പറ്റിയും ആധുനിക സാഹിത്യത്തെപ്പറ്റിയും വിദ്യാഭ്യാസ പരിഷ്ക്കാരത്തെപ്പറ്റിയും മറ്റും ചർച്ചകൾ നടത്തുകയും ചെയ്യുന്നു.

അതുകൊണ്ട്, ഭാരതീയ ചിന്തയുടെ ഉത്ഭവത്തെയും വളർച്ചയെയും പരിശോധിക്കാൻ തുടങ്ങുന്നതിന് മുമ്പ് അതിപ്രാചീനരായ അപരിഷ്കൃതഗോത്രവർഗ്ഗക്കാരുടെ വീക്ഷണഗതികളിലേക്കും ആചാരവിശ്വാസങ്ങളിലേക്കും ഒന്നു കണ്ണോടിച്ചു നോക്കേണ്ടതാവശ്യമാണ്.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 5

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ഇന്ത്യയിലെ പ്രാചീനമനുഷ്യൻ
2. മന്ത്രവാദവും മതവും
3. തത്വചിന്തയുടെ തുടക്കം
4. ഉപനിഷത്തുകൾ
5. ചാതുർവർണ്യവും പുരുഷാർഥങ്ങളും
6. ദർശനങ്ങൾക്ക് ഒരു മുഖവുര
7. പ്രാചീനഭൗതികവാദികൾ
8. ലോകായതം
9. ബൗദ്ധദർശനത്തിന്റെ പ്രാരംഭഘട്ടം
10. ജൈനദർശനം
11. സാംഖ്യദർശനം
12. വൈശേഷികദർശനം
13. ന്യായദർശനം
14. യോഗദർശനം
15. മീമാംസ
16. പ്രാചീനവേദാന്തം
17. ഭഗവദ്ഗീത
18. നാടുവാഴിവ്യവസ്ഥയും ഹിന്ദുമതവും
19. ബൗദ്ധദർശനത്തിലെ ഉൾപ്പിരിവുകൾ
20. തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും
21. ദക്ഷിണേന്ത്യയിലെ പ്രാചീനചിന്തകളും ഹിന്ദുമതവും
22. അദ്വൈതവേദാന്തം


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014